ബാല
കുസുമം
മാസിക

പുസ്തകം 12
ലക്കം 7
2025 ജൂലൈ

# ഓർഫിഷ് ദുരന്തസൂചനയോ?

ഒരുമാസം മുമ്പാണ് കടലിൽ മത്സ്യബന്ധനത്തിനിറങ്ങിയ തമിഴ്നാട്ടിലെ മത്സ്യത്തൊഴിലാളികളുടെ വലയിൽ ഒരപൂർവയിനം മത്സ്യം അകപ്പെട്ടത്. വെളുത്ത റിബ്ബൺ പോലെ 30 അടിയോളം നീളമുണ്ടായിരുന്നു ആ മത്സ്യത്തിന്. ഓർ ഫിഷ് എന്നറിയപ്പെടുന്ന ഇവയെ അപൂർവ്വമായേ കാണാറുള്ളൂ.

56 അടി വരെ നീളത്തിൽ വളരുന്ന ഓർ മത്സ്യങ്ങൾ സാധാരണ സമുദ്രോപരിതലത്തിൽ നിന്ന് 656 മുതൽ 3200 അടിവരെ താഴ്ച്ചയിലാണ് ജീവിക്കുന്നത്. ഇവ സമുദ്രോപരിതലത്തിൽ വരുന്നത് ഭൂകമ്പത്തിന്റെയും സുനാമിയുടെയും മറ്റു ദുരന്തങ്ങളുടെയും സൂചനയായി കരുതപ്പെടുന്നു. 2011 ൽ ഫുകുഷിമ ഭൂകമ്പവും സുനാമിയും ഉണ്ടാകുന്നതിനു മുമ്പുള്ള രണ്ടുവർഷങ്ങളിലായി ഡസൻ കണക്കിന് ഓർമത്സ്യങ്ങൾ തീരത്തടിഞ്ഞിരുന്നു.

എന്നാൽ ഈ വിശ്വാസത്തിന് ശാസ്ത്രീയമായ അടിത്തറയൊന്നുമില്ലെന്നും സമുദ്രജലപ്രവാഹത്തിലെ വ്യതിയാനമോ ആരോഗ്യകാരണങ്ങളോ മൂലമാണ് ഓർമത്സ്യങ്ങൾ തീരത്തടിയുന്നതെന്നുമാണ് വിദഗ്ധരുടെ അഭിപ്രായം.









# വാക്കും തൂവലും

അയൽക്കാരനു നല്ല വീടുണ്ട്, ധാരാളം സമ്പത്തുണ്ട്, ജനങ്ങൾക്കൊക്കെ അദ്ദേഹത്തോട് ഇഷ്ടവും ബഹുമാനവുമാണ്. ഇതിലെല്ലാം അസൂയ തോന്നിയ ഒരു കർഷകൻ അയൽക്കാരനെക്കുറിച്ച് ഇല്ലാത്ത പലതും പറഞ്ഞുപരത്തി. താൻ അയാളുടെ അടുത്ത വീട്ടിലാണ് താമസിക്കുന്നതെന്നും തനിക്ക് അയാളുടെ രഹസ്യങ്ങളെല്ലാം അറിയാമെന്നും അയാൾ വളരെ മോശമാണെന്നും സൂക്ഷിക്കണമെന്നുമൊക്കെയായിരുന്നു പറഞ്ഞു പ്രചരിപ്പിച്ചത്.

ക്രമേണ ജനങ്ങൾ അത് വിശ്വസിച്ചു. ആ അയൽക്കാരനെ വെറുത്തു. ഒറ്റപ്പെടുത്തി. അപ്പോഴും കർഷകനോട് അയൽക്കാരൻ നല്ല നിലയിലായിരുന്നു പെരുമാറിയിരുന്നത്.

കുറേക്കാലം കഴിഞ്ഞപ്പോൾ താൻ ചെയ്തത് തെറ്റാണെന്ന് ബോധ്യപ്പെട്ട കർഷകനു പശ്ചാത്താപം തോന്നി. അയാൾ ഒരു സ്വൂഫിയുടെ അടുത്തുചെന്ന് തന്റെ തെറ്റ് ഏറ്റു പറഞ്ഞു. തെറ്റിനു പ്രതിവിധി ചെയ്യാനുള്ള വഴിയന്വേഷിച്ചു.

അപ്പോൾ സ്വൂഫി അയാൾക്ക് ഒരു സഞ്ചി നിറയെ പക്ഷിത്തൂവലുകൾ


BALA KUSUMAM
CHILDRENS MONTHLY

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  ഇ.എം സുഫ്‌യാൻ ബുഖാരി
- ജനറൽ മാനേജർ
  കെ. ഉമർ മദനി
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, ഷാജി എസ്.എം
- ഡിസൈൻ ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി

കൊടുത്തു പറഞ്ഞു: 'നീയിത് വഴിയിൽ കൊണ്ടുപോയി വിതറുക. പിന്നെ നാലു ദിവസം കഴിഞ്ഞ് എന്നെ വന്നു കാണണം.'

കർഷകൻ അപ്രകാരം തൂവലുകൾ വഴിയിൽ വിതറി. നാലുദിവസം കഴിഞ്ഞ് സ്വൂഫിയെ സമീപിച്ചു. അപ്പോൾ സ്വൂഫി അയാളോട് പറഞ്ഞു: 'ഇനി നിങ്ങൾ ആ തൂവലുകളെല്ലാം പെറുക്കിയെടുത്ത് ഈ സഞ്ചിയിലാക്കി കൊണ്ടുവന്നു തരണം.'

കർഷകൻ സഞ്ചിയുമായി വഴിയിലൂടെ നടന്നു; തൂവലുകളൊന്നും കാണാനില്ല. അതെല്ലാം കാറ്റിൽ പാറിപ്പോയിരുന്നു. അയാൾ നിരാശനായി സ്വൂഫിയുടെ



അടുത്തേക്ക് തിരിച്ചുവന്നു. അപ്പോൾ സ്വൂഫി പറഞ്ഞു: 'ആ തൂവലുകൾ പോലെയാണ് നിങ്ങൾ പറഞ്ഞ വാക്കുകൾ. നിങ്ങളുടെ വായിൽ നിന്ന് വീണ് ജനങ്ങളുടെ ചെവിയിലെത്തിയതോടെ അത് നാട്ടിലെങ്ങും പാറിപ്പോയിരിക്കുന്നു. ഇനിയൊരിക്കലും അത് തിരിച്ചെടുക്കാനാവില്ല. പറയുന്ന ഓരോ വാക്കും വളരെ ശ്രദ്ധിച്ചുവേണം. വില്ലിൽ നിന്ന് തൊടുത്ത അമ്പും വായിൽനിന്നു വീണ വാക്കും എവിടെയെങ്കിലും ചെന്ന് തറയ്ക്കാതിരിക്കില്ലെന്നോർക്കണം.

# കുന്നിക്കുരു

കുന്നിന്മേലൊരു മരമുണ്ടേ
കുന്നിക്കുരുവിൻ മരമാണേ
മരത്തിലേറെ കനിയുണ്ടേ
മരച്ചുവട്ടിൽ തണലുണ്ടേ!

ചുവപ്പിനൊപ്പം കറുപ്പുമായി
കുന്നിക്കുരുകൾ എമ്പാടും.
വീണുകിടപ്പതു കണ്ടാൽ കുഞ്ഞി-
ക്കണ്ണുകളെന്ന് ധരിച്ചീടും!

കുന്നിക്കുരുവിനെ കയ്യിലെടുക്കാൻ
കുട്ടികളനവധി വന്നീടും.
കുഞ്ഞിക്കണ്ണുകൾ കുന്നിക്കുരുവിനെ
കൗതുകപൂർവ്വം നോക്കീടും!



അശോകം മേക്കാട്


സഫർ
ചെര! നാശം പിടിച്ച മഴ. മനുഷ്യനെ ബുദ്ധിമുട്ടാക്കാൻ!
മഴ ചതിച്ചു. പത്തു മണിക്ക് ഓഫീസിലെത്തേണ്ടതാ.
പലപ്പോഴും ഇങ്ങനെയാ. ജനങ്ങളെ എടങ്ങേറാക്കും മഴ.
മഴയെയാണോ നിങ്ങളൊക്കെ ശപിക്കുന്നത്?
മഴയെത്തന്നെ; കണ്ടില്ലേ, ഇത്രയും ആളുകളെ കഷ്ടപ്പെടുത്തിയിട്ട്! നശിച്ചൊരു മഴ.
സുഹൃത്തുക്കളേ, മഴയെ ഇങ്ങനെ ശപിക്കാൻ പാടില്ല.
എന്താ ശപിച്ചാല്? മഴയല്ലേ ഇപ്പോ നമ്മളെ ബുദ്ധിമുട്ടാക്കിയത്?



അങ്ങനെ പറയാൻ പറ്റില്ല. മഴ പടച്ചോന്റെ അനുഗ്രഹമാ.
അത് ചിലപ്പോ. മറ്റു ചിലപ്പോ ശാപവുമായിരിക്കും.
മഴ ഒരിക്കലും ശാപമല്ല സുഹൃത്തേ, നിങ്ങൾക്കോർമ്മയില്ലേ, രണ്ടാഴ്ച മുമ്പ് നമ്മൾ മഴക്ക് വേണ്ടി കാത്തിരിക്കുകയായിരുന്നു.
അതൊക്കെ ശരിയാണ്. പക്ഷേ ഇപ്പോ അങ്ങനെയല്ലല്ലോ.
മഴ ഇപ്പോഴും അപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹമാണ്. ഭൂമിയിലെ നമ്മളടക്കമുള്ള എല്ലാ ജീവജാലങ്ങൾക്കും കുടിക്കാനും മറ്റാവശ്യങ്ങൾക്കും അല്ലാഹു നൽകുന്ന അനുഗ്രഹമാണ് മഴ.
അപ്പോൾ പേമാരിയോ? ഉരുൾപൊട്ടലൊക്കെ ഉണ്ടാകുന്ന പേമാരി?
മഴ ഏതവസരത്തിലും അല്ലാഹുവിന്റെ റഹ്മത്ത് തന്നെയാണ്.
അപ്പോൾ കാറ്റോ? കൊടുങ്കാറ്റ്?
അതും അനുഗ്രഹം തന്നെയാണ്. മഴയും കാറ്റുമൊക്കെ ചിലപ്പോ അപകടമുണ്ടാക്കിയേക്കും. അതിൽ നിന്നു രക്ഷനേടാൻ നമ്മൾ വഴി കണ്ടെത്തണം. അതിലെ ഗുണത്തിനുവേണ്ടി പ്രാർത്ഥിക്കുകയും അതുവഴിയുണ്ടാകുന്ന ദുരന്തങ്ങളിൽ നിന്ന് അല്ലാഹുവിനോട് കാവൽ തേടുകയും വേണം. മുത്തുനബി(സ) പഠിപ്പിച്ചതിങ്ങനെയാണ്.



അങ്ങനെയാണോ വേണ്ടത്?
അതേ. നിങ്ങളൊരു യഥാർത്ഥ മുസ്‌ലിമാണെങ്കിൽ മഴയെയും കാറ്റിനെയുമൊന്നും കുറ്റം പറയുകയോ ശപിക്കുകയോ ചെയ്യരുത്.
ഞങ്ങൾ ഇപ്പോഴുണ്ടായ പ്രയാസത്തിൽ പലതും പറഞ്ഞു പോയതാണല്ലോ.
നാശം, എടങ്ങേറ്, പേമാരി, ചതിയൻ എന്നൊക്കെ മഴയെ കുറ്റം പറയുന്നതും ശപിക്കുന്നതും വലിയ കുറ്റമാണെന്നോർക്കണേ. മഴയെയും കാറ്റിനെയും കുറ്റം പറയുന്നവർ അതൊക്കെ സൃഷ്ടിച്ച അല്ലാഹുവിനെയാണ് കുറ്റം പറയുന്നതെന്ന് മുത്തുനബി(സ) പറഞ്ഞിട്ടുണ്ട്.
നേരോ? അസ്തഗ്ഫിറുല്ലാഹ്!
പടച്ചോൻ നമുക്കെല്ലാം പൊറുത്തുതരട്ടേ.

**കൂട്ടുകാർ കറൻസി നോട്ടുകൾ കണ്ടിട്ടില്ലേ? 10, 20, 50, 100, 200, 500 തുടങ്ങി പല മൂല്യങ്ങളിലുള്ള രൂപാനോട്ടുകളുണ്ട്. എന്തെല്ലാം ചിത്രങ്ങളാണതിലുള്ളതെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ?**

## പത്തുരൂപാ നോട്ട്

പത്തുരൂപാനോട്ടിന്റെ പിറകുവശത്തുള്ള ചിത്രം കോണാർക്ക് സൂര്യക്ഷേത്രത്തിന്റേതാണ്. പതിമൂന്നാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട ഒരു ഹൈന്ദവക്ഷേത്രമാണിത്. ഒഡീഷ സംസ്ഥാനത്തിലെ പുരി ജില്ലയിലാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. നരസിംഹദേവൻ ഒന്നാമൻ എന്ന ഗാംഗേയ രാജാവാണ് ഇത് പണി കഴിപ്പിച്ചതെന്ന് കരുതപ്പെടുന്നു. യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ സ്ഥാനം പിടിച്ച ഈ ക്ഷേത്രം ഒരു വലിയ രഥത്തിന്റെ ആകൃതിയിലാണ് നിർമ്മിച്ചിട്ടുള്ളത്.

## ഇരുപതുരൂപാ നോട്ട്

മഹാരാഷ്ട്രയിലെ ഔറംഗാബാദിൽ നിന്ന് 30 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന എല്ലോറ ഗുഹകളാണ് പുതിയ ഇരുപതുരൂപാ നോട്ടിലുള്ളത്. 1983 ൽ യുനെസ്കോയുടെ ലോക പൈതൃകകേന്ദ്രങ്ങളിൽ ഇടം പിടിച്ച എല്ലോറ ഗുഹകൾ



# കറൻസി നോട്ടിലെ ചിത്രങ്ങൾ

സിനാൻ ആമപ്പൊയിൽ









പാറയിൽ കൊത്തിയുണ്ടാക്കിയ ലോകത്തിലെ തന്നെ ഏറ്റവും വലിയ ഗുഹാസമുച്ചയങ്ങളിലൊന്നാണ്. ഇന്ത്യൻ ഗുഹാശില്പകലയുടെ ഉത്തമോദാഹരണമായി എല്ലോറ കണക്കാക്കപ്പെടുന്നു.

## അൻപത്‌രൂപാ നോട്ട്

ഉത്തരകർണാടകത്തിലെ വിജയനഗരസാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന ഹംപി എന്ന പുരാതനനഗരമാണ് അമ്പതുരൂപാ നോട്ടിലുള്ളത്. നിരവധി ക്ഷേത്രങ്ങളും കൃഷിയിടങ്ങളും വാണിജ്യകേന്ദ്രങ്ങളുമുണ്ടായിരുന്ന ഈ നഗരം തുംഗഭദ്രനദീ തീരത്തായിരുന്നു സ്ഥിതി ചെയ്തിരുന്നത്. യുനെസ്കോയുടെ ലോകപൈതൃക കേന്ദ്രങ്ങളിലൊന്നാണ് ഹംപി.

## നൂറുരൂപാ നോട്ട്

ഗുജറാത്തിലെ പാടാൻ പട്ടണത്തിൽ സരസ്വതീനദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന റാണികി വാവ് എന്ന പടിക്കിണറിന്റെ ചിത്രമാണ് പുതിയ നൂറു രൂപാനോട്ടിലുള്ളത്. 2014 ജൂൺ 22ന് ഈ ചരിത്രനിർമിതി യുനെസ്കോയുടെ ലോക പൈതൃകകേന്ദ്രങ്ങളിൽ ഇടം പിടിച്ചു. പതിനൊന്നാം നൂറ്റാണ്ടിലെ

ചൗലൂക്യ രാജാവായ ഭീമൻ ഒന്നാമന്റെ ഭാര്യ ഉദയമതിയാണ് ഇതിന്റെ നിർമ്മാണത്തിന് നേതൃത്വം നൽകിയതെന്നു കരുതപ്പെടുന്നു.







### ഇരുന്നൂറുരൂപാ നോട്ട്

മദ്ധ്യപ്രദേശിലെ ഭോപ്പാലിൽ നിന്ന് 46 കി.മീ അകലെയുള്ള സാഞ്ചിഗ്രാമത്തിലെ സ്തൂപമാണ് ഇരുനൂറ് രൂപാനോട്ടിലുള്ളത്. ലോകത്തിലെ തന്നെ ഏറ്റവും പ്രാചീനമായ ബുദ്ധമത സ്മാരകങ്ങളാണ് സാഞ്ചിയെ വിശ്വപ്രസിദ്ധമാക്കുന്നത്. ശ്രീ ബുദ്ധന്റെ ഭൗതികാവശിഷ്ടം ഇവിടെ സൂക്ഷിച്ചിട്ടുണ്ടെന്നു കരുതപ്പെടുന്നു. അശോക ചക്രവർത്തിയുടെ കാലത്താണിത് പണികഴിപ്പിച്ചത്.

### അഞ്ഞൂറുരൂപാ നോട്ട്

ചുവരുകളുടെ നഗരം എന്നറിയപ്പെട്ടിരുന്ന പഴയ ഡൽഹിയിൽ മുഗൾ ഭരണാധികാരിയായിരുന്ന ഷാജഹാൻ പതിനേഴാം നൂറ്റാണ്ടിൽ പണികഴിപ്പിച്ച ചെങ്കോട്ടയാണ് അഞ്ഞൂറു രൂപാനോട്ടിലുള്ളത്. രണ്ടര കിലോമീറ്റർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന ഈ കോട്ട യമുനാനദിയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. പടിഞ്ഞാറുവശത്തുള്ള ലാഹോറി ഗേറ്റ് ആണ് കോട്ടയുടെ പ്രധാന പ്രവേശനകവാടം.



## ഇന്ത്യയിലെ സംസ്ഥാനങ്ങൾ 4

# ഉത്തർപ്രദേശ്

- തലസ്ഥാനം: ലക്നൗ
- വിസ്തീർണം: 2,40,928 ച.കി.മീ
- ജനസംഖ്യ: 19,98,12,341
- ജനസാന്ദ്രത: 829/ചകിമീ
- സ്ത്രീപുരുഷ അനുപാതം 912/1000
- സാക്ഷരത: 67.68%
- ഭാഷകൾ: ഹിന്ദി, ഉർദു
- ലോക്സഭാ സീറ്റുകൾ: 80
- രാജ്യസഭാ സീറ്റുകൾ: 31
- അസംബ്ലി സീറ്റുകൾ: 403

**ചരിത്രം**

1950 ലാണ് യുണൈറ്റഡ് പ്രൊവിൻസിന് ഉത്തർപ്രദേശ് എന്നു പേരു ലഭിച്ചത്.

**ജില്ലകൾ:** 1. ആഗ്ര, 2. അലിഗഡ്, 3. പ്രയാഗ് രാജ്, 4. അംബേദ്കർ നഗർ, 5. അമേഠി, 6. അമ്റോഹ, 7. ഓറയ്യ, 8. അസംഗഡ്, 9. ബാഘ്പട്, 10. ബഹ്റായ്ച്, 11. ബല്ലിയ, 12. ബൽറാംപൂർ, 13. ബാൻഡ, 14. ബാരബങ്കി, 15. ബറേലി, 16. ബസ്തി, 17. ബിജ്നോർ, 18. ബുദൗ, 19. ബുലന്ദ്ഷഹർ, 20. ചന്ദൗലി, 21. ചിത്രകൂട്, 22. ദേവ്റിയ, 23. എറ്റാ, 24. ഇറ്റാവാ, 25. അയോധ്യ, 26. ഫറൂഖാബാദ്, 27. ഫത്തേപൂർ, 28. ഫിറോസാബാദ്, 29. ഗൗതംബുദ്ധ നഗർ, 30. ഘാസിയാബാദ്, 31. ഘാസിപൂർ, 32. ഗോൺഡ, 33. ഗോരഖ്പൂർ, 34. ഹമീർപൂർ, 35. ഹാപൂർ, 36. ഹർദോയ്, 37. ഹത്രാസ്, 38. ജലൗൻ, 39. ജൗൻപൂർ, 40. ഝാൻസി, 41. കനൗജ്, 42. കാൺപൂർ ദഹത്, 43. കാൺപൂർ നഗർ, 44. കാസ്ഗഞ്ച്, 45. കൗസംബി, 46. കുശിനഗർ, 47. ലഖിംപൂർ ഖേരി, 48. ലളിത്പൂർ, 49. ലക്നൗ, 50. മഹാരാജ്ഗഞ്ച്, 51. മഹോബ, 52. മയിൻപുരി, 53. മഥുര, 54. മൗ, 55. മീററ്റ്, 56. മിർസാപൂർ, 57. മുറാദബാദ്, 58. മുസഫർനഗർ, 59. പിലിഭിത്ത്, 60. പ്രതാപ്ഗഡ്, 61. റായ്ബറേലി, 62. രാംപുർ, 63. സഹറൻപുർ, 64. സംഭാൽ, 65. സന്ത്കബീർ നഗർ, 66. സന്ത് രവിദാസ് നഗർ, 67. ഷാജഹാൻപൂർ, 68. ഷമാലി, 69. ശ്രാവസ്തി, 70. സിദ്ധാർഥ് നഗർ, 71. സിതാപുർ, 72. സോൻ ഭദ്ര, 73. സുൽത്താൻപൂർ, 74. ഉന്നാവ്, 75. വാരാണസി

- **സംസ്ഥാന പുഷ്പം**
  പലാശ്
- **സംസ്ഥാന വൃക്ഷം**
  സീതാ അശോകം
- **സംസ്ഥാന പക്ഷി**
  സാരസക്കൊക്ക്
- **സംസ്ഥാന മൃഗം**
  ബാരസിംഗ



റൈഹാൻ

# മുഹർറം പവിത്രതകൾ, പ്രത്യേകതകൾ

ഹിജ്റ വർഷത്തിലെ ആദ്യമാസമാണ് മുഹർറം. ഇസ്‌ലാമിൽ വളരെയേറെ മഹത്വങ്ങളും ചരിത്രപരമായ പ്രത്യേകതകളുമുള്ള മാസമാണിത്.

യുദ്ധം നിഷിദ്ധമാക്കിയ നാലു മാസങ്ങളിലൊന്നാണ് മുഹറം. റജബ്, ദുൽഖഅ്ദ, ദുൽഹിജ്ജ എന്നിവയാണ് യുദ്ധം നിഷിദ്ധമായ മറ്റു മാസങ്ങൾ.

തിരുനബി(സ) 'ശഹ്റുല്ലാഹ്' എന്ന് അല്ലാഹുവിന്റെ നാമത്തിലേക്ക് ചേർത്തിപ്പറഞ്ഞ മാസമാണ് മുഹറം. വിശുദ്ധ കഅ്ബയെ 'ബൈത്തുല്ലാഹ്' എന്നും സ്വാലിഹ് നബി(അ)ന്റെ ഒട്ടകത്തെ 'നാഖതുല്ലാഹ്' എന്നും അല്ലാഹുവിലേക്ക് ചേർത്തിപ്പറഞ്ഞതു കാണാം.

റമളാൻ കഴിഞ്ഞാൽ ഏറ്റവും മഹത്വമുള്ള നോമ്പാണ് മുഹർറം മാസത്തിലേതെന്ന് ഹദീസിലുണ്ട്.



ആശൂറാഅ് ദിനത്തിൽ കുടുംബത്തിന് ഭക്ഷണത്തിലും മറ്റും വിശാലത ചെയ്യൽ സുന്നത്താണ്. അബൂസഈദിൽ ഖുദ്‌രി നിവേദനം. തിരുനബി(സ) പറഞ്ഞു: ‘ആശൂറാഅ് ദിനത്തിൽ കുടുംബത്തിൽ വിശാലത കാണിക്കുന്നവർക്ക് വർഷം മുഴുവൻ അല്ലാഹു വിശാലത നൽകും.’ (ത്വബ്‌റാനി, ബൈഹഖി)

കർബലയിൽ തിരുനബി(സ)യുടെ പേരക്കിടാവും അലി(റ)വിന്റെ മകനുമായ ഹുസൈൻ(റ) വധിക്കപ്പെട്ടത് ഹിജ്റ 61 ലെ ആശൂറാഅ് ദിനത്തിലാണ്.

### ആശൂറാഅ് നോമ്പിന്റെ ചരിത്രം

അല്ലാഹു മൂസാനബി(അ)നെയും അനുയായികളെയും ഫിർഔനിൽ നിന്ന് രക്ഷിച്ച ആശൂറാഅ് ദിനം മുഹർറം പത്തിനാണ്. ആശൂറാഅ്ദിനത്തിലും താസൂആഅ് (മുഹർറം 9) ദിനത്തിലും നോമ്പ്നുഷ്ഠിക്കൽ സുന്നത്തുണ്ട്. തിരുനബി(സ) മദീനയിലെത്തിയപ്പോൾ യഹൂദികൾ ആശൂറാഅ് ദിനത്തിൽ നോമ്പനുഷ്ഠിക്കുന്നതായി അറിയാനിടയായി. അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ അവർ പറഞ്ഞു: ‘ഇതൊരു നല്ല ദിവസമാണ്. അല്ലാഹു ബനൂഇസ്‌റാഈലിനെ ശത്രുക്കളിൽ നിന്ന് രക്ഷപ്പെടുത്തിയ ദിനമാണിത്. മൂസാനബി(അ) ഈ ദിനത്തിൽ നോമ്പനുഷ്ഠിച്ചിരുന്നു.’ അപ്പോൾ തിരുനബി(സ) പറഞ്ഞു: ‘മൂസാനബിയോട് നിങ്ങളെക്കാൾ കടപ്പാടുണ്ട് എനിക്ക്. അടുത്തവർഷം ഞാനുണ്ടാവുകയാണെങ്കിൽ മുഹർറം ഒമ്പതിനും നോമ്പനുഷ്ഠിക്കും.’

അബൂതസ്നീം

# കുഞ്ഞുമോൻ ദി ഹീറോ

അഭിമാനത്തോടെയാണ് കുഞ്ഞുമോൻ ജൂൺ രണ്ടിന് സ്കൂളിലേക്കു പോയത്. പുതിയ ബാഗും പുതിയ കുടയും പുതിയ പേനയും പെൻസിലും പുസ്തകങ്ങളും, പുതിയ ഷർട്ടും പാന്റ്സും... എല്ലാം പുതിയതു തന്നെ. എല്ലാ കുട്ടികളും ഇങ്ങനെയൊക്കെത്തന്നെയല്ലേ? അതിലെന്താണിത്ര അഭിമാനിക്കാൻ?

അതിലൊരു രഹസ്യമുണ്ട്; കുഞ്ഞുമോന്റെ ഉമ്മയ്ക്കും ഉപ്പയ്ക്കും പിന്നെ, അയലത്തെ റിയാസിനും മാത്രമേ അറിയൂ ആ രഹസ്യം. പക്ഷേ, ക്ലാസ്സിലെത്തിയപ്പോൾ തന്നെ ആ രഹസ്യം പരസ്യമായി. റിയാസാണു പണി പറ്റിച്ചത്; അവൻ കൂട്ടുകാരോടെല്ലാം ചെന്ന പാടെ ആ രഹസ്യം പറഞ്ഞു. അതോടെ കുട്ടികളുടെയെല്ലാം കണ്ണ് കുഞ്ഞുമോന്റെ നേരെയായി. ചിലർ അടുത്തുവന്ന് അവന്റെ ബാഗ് തൊട്ടു നോക്കി, പേന വാങ്ങി നോക്കി, ഷൂസ് നോക്കി, കുട നോക്കി.

പെൺകുട്ടികൾ കുശുകുശുത്തു: 'അതൊക്കെ അവന്റെ സ്വന്തം പൈസ കൊണ്ടു വാങ്ങിയതാണോ?'

'മുജ്തബക്കെവിടെ നിന്നാ ഇത്രയും പൈസ കിട്ടിയത്?'

'സ്കൂൾ പൂട്ടിയപ്പോ അവൻ വല്ല ജോലിക്കും പോയോ?'

വിശേഷം അൻവർ സാറിന്റെ ചെവിയിലുമെത്തി. സാറ് വന്ന് കുഞ്ഞുമോനെ വിളിച്ച് കാര്യങ്ങൾ ചോദിച്ചറിഞ്ഞു. പിന്നെ എല്ലാവരോടുമായി ചോദിച്ചു: 'കൂട്ടുകാരേ, നമ്മുടെ ഇന്നത്തെ ഹീറോ ആരാ



ണെന്നറിയാമോ?'

കുട്ടികൾ ഒന്നിച്ചു പറഞ്ഞു: 'മുജ്തബാ... മുജ്തബാ... മുജ്തബാ...!'

'മുജ്തബ എങ്ങനെയാണ് ഹീറോ ആയതെന്നറിയണ്ടേ?'

'അറിയണം... അറിയണം...'

'എന്നാൽ നമുക്കിന്ന് മുജ്തബയെ ഇന്റർവ്യൂ ചെയ്യാം.'

എല്ലാവരും കൈയ്യടിച്ചു സ്വാഗതം ചെയ്തു. അൻവർ സാർ കുഞ്ഞുമോനെ ഇന്റർവ്യൂ ചെയ്യാനൊരുങ്ങി:

'ഇക്കൊല്ലം സ്കൂളിലേക്ക് വേണ്ട എല്ലാ സാധനങ്ങളും മുജ്തബ സ്വന്തം പണംകൊണ്ടാണ് വാങ്ങിയതെന്നു പറഞ്ഞല്ലോ. എവിടുന്നാണ് മുജ്തബക്ക് ഇത്രയും പണം കിട്ടിയത്?'

'അത് എന്റെ കാശിക്കുഞ്ചിയിലെ പൈസയാ. കുഞ്ചി പൊട്ടിച്ചപ്പോൾ കിട്ടിയതാ.'

അതുകേട്ട് കുട്ടികൾ ഉറക്കെ ചിരിച്ചു. അപ്പോൾ സാർ മേശമേലടിച്ചു കുട്ടികളെ നിശ്ശബ്ദരാക്കി ചോദിച്ചു: 'കാശിക്കുഞ്ചിയിൽ പണം നിക്ഷേപിക്കുന്നവരായി എത്ര പേരുണ്ട് നമ്മുടെ ക്ലാസ്സിൽ?'

കുട്ടികൾ മുഖത്തോടു മുഖം നോക്കി. കൈ പൊക്കിയത് മൂന്നുപേർ മാത്രം. അവരിൽ ഓരോരുത്തരോടും സാർ ചോദിച്ചു: 'കുഞ്ചിയിലെത്ര പണം കാണും?'

'നൂറുറുപ്പിക, മുന്നൂറുറുപ്പിക, നാനൂറുറുപ്പിക..'

'മുജ്തബയുടെ കാശിക്കുഞ്ചിയിൽ എത്ര പണമുണ്ടായിരുന്നു?' കുഞ്ഞുമോനോടായി അടുത്ത ചോദ്യം.

'മുവ്വായിരത്തി എണ്ണൂറ്റിത്തൊണ്ണൂറ്റിമൂന്നുറുപ്പിക.' കുഞ്ഞുമോന്റെ മറുപടി കേട്ട് കുട്ടികൾ ശ്..... ശബ്ദത്തോടെ നീട്ടി ശ്വാസമെടുത്തു. 'ഇത്രയും പൈസയോ?' ചിലർ ചോദിച്ചു.

അപ്പോൾ സാറ് കുഞ്ഞുമോനോട് ചോദിച്ചു: 'എവിടുന്നാ ഇത്രയും പണം കാശിക്കുഞ്ചിയിലിടാൻ കിട്ടിയത്?'

'അത്... പെരുന്നാളിനും നോമ്പിനുമൊക്കെ വല്ല്യുപ്പയും വല്യുമ്മയും അമ്മായിയുമൊക്കെ കാശ് തരും. പിന്നെ ഉമ്മയും ഉപ്പയും മാമനും മറ്റും മിട്ടായി വാങ്ങാൻ കാശ് തരും. രണ്ടുമൂന്നു കൊല്ലമായി ഇങ്ങനെ കിട്ടുന്ന കാശൊക്കെ കുഞ്ചിയിലിടുന്നുണ്ടായിര്ന്ന്.'

'അപ്പോ മുജ്തബ മിട്ടായിയും ഐസ്ക്രീമുമൊന്നും വാങ്ങിക്കഴിച്ചിരുന്നില്ലേ?'

'ചിലപ്പോ വാങ്ങും... ചിലപ്പോ കിട്ടുന്നതൊക്കെ കുഞ്ചിയിലിടും.'

'ഇപ്പോ എന്താണ് മുജ്തബക്ക് ഇങ്ങനെ എല്ലാം സ്വന്തമായി വാങ്ങണമെന്നു തോന്നാൻ കാരണം?'

'അത്... അത്...' കുഞ്ഞുമോൻ ചോദ്യത്തിനുത്തരം പറയാൻ മടിച്ചുകൊണ്ട് സാറിന്റെ മുഖത്തേക്ക് നോക്കി. 'പറഞ്ഞോളൂ, ഒരു

കുഴപ്പവുമില്ല.' സാറ് കുഞ്ഞുമോനെ പറയാൻ പ്രോത്സാഹിപ്പിച്ചു.

'അത്... ഒരു ദിവസം ഉപ്പ ഉമ്മയോടു പറയുന്നത് കേട്ടു; 'കുഞ്ഞ്യാനും കുഞ്ഞോൾക്കും പുസ്തകവും യൂണിഫോമുമൊക്കെ വാങ്ങാൻ കുറെ പൈസ വേണമല്ലോ. ഇപ്പോ കൈയിലൊന്നൂല്ലല്ലോ എന്ന്. അപ്പോ ഞാൻ വിചാരിച്ചതാ, ഉപ്പയെ സഹായിക്കാൻ കാശിക്കുഞ്ചി പൊട്ടിക്കണംന്ന്!'



'കേട്ടില്ലേ, എല്ലാവരും? ഉപ്പയെ സഹായിക്കാനാണ് മുജ്തബ സമ്പാദ്യം മുഴുവൻ ചെലവഴിച്ചത്. എത്ര നല്ല മോൻ... അല്ലേ?' അൻവർ സാറിന്റെ വാക്കുകൾ കേട്ട് കുട്ടികൾ വീണ്ടും കൈയ്യടിച്ചു. കുഞ്ഞുമോൻ നാണത്തോടെ തലകുനിച്ചു നിന്നു.

അൻവർ സാർ തുടർന്നു: 'കുട്ടികളേ, ഈ മുജ്തബ നല്ല മാതൃകയാണ് നമുക്ക് കാണിച്ചുതന്നത്. നിങ്ങൾക്കും സമ്മാനമായി കിട്ടാറുണ്ടല്ലോ ഇതുപോലെ ചെറിയ കാഷ്. അതൊക്കെ അപ്പോൾ തന്നെ മിട്ടായി വാങ്ങിത്തിന്നും മറ്റും തീർത്തു കളയാതെ സൂക്ഷിച്ചാൽ കുറെ കഴിയുമ്പോൾ വലിയ സംഖ്യയാവും. അപ്പോൾ അത് നിങ്ങൾക്ക് പുസ്തകം വാങ്ങാനും ഡ്രസ്സ് വാങ്ങാനും സൈക്കിൾ വാങ്ങാനുമൊക്കെ ഉപയോഗിക്കാമല്ലോ. ഉപ്പയ്ക്കും ഉമ്മയ്ക്കുമൊക്കെ അത് വലിയ സഹായമാകും. ഇങ്ങനെ സൂക്ഷിച്ചുവെച്ച സംഖ്യ മുഴുവൻ പാവങ്ങളെ സഹായിക്കാൻ ചെലവഴിച്ച കുട്ടികളുമുണ്ട് കേട്ടോ.'

# ഉറുമ്പിന്റെ പ്രാർത്ഥന

അബൂബക്കർ സഖാഫി പന്തല്ലൂർ

മഹാനായ സുലൈമാൻനബി(അ) രാജാവായി വാഴുന്ന കാലം. നാട്ടിലും പരിസരപ്രദേശങ്ങളിലും വലിയ ക്ഷാമമുണ്ടായി. ജനങ്ങൾ ദാഹജലത്തിനു വേണ്ടി നെട്ടോട്ടമോടിക്കൊണ്ടിരുന്നു.

കഷ്ടപ്പാടിനു പരിഹാരം തേടി ജനങ്ങൾ പ്രവാചകൻ സുലൈമാൻ നബി(അ)യുടെ സവിധത്തിലെത്തി. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, ജലക്ഷാമം രൂക്ഷമായി തുടരുന്നു. അങ്ങ് അല്ലാഹുവിനോട് പ്രാർത്ഥിക്കണം.'

ഉടനെ സുലൈമാൻ നബി(അ) അനുയായികളെ കൂട്ടി മൈതാനത്തേക്ക് നീങ്ങി.

അപ്പോഴാണ് ഇരുകാലുകളിൽ എഴുന്നേറ്റു നിന്ന് കൈകളുയർത്തി നാഥനോട് പ്രാർത്ഥിക്കുന്ന ഒരുറുമ്പിനെ സുലൈമാൻ നബി(അ) കണ്ടത്. 'അല്ലാഹുവേ, നിന്റെ അസംഖ്യം സൃഷ്ടികളിലൊരുവനാണ് ഞാൻ. നിന്റെ ഔദാര്യം കൈവിട്ടുകൊണ്ടുള്ള ഒരു കഴിവും എനിക്കില്ല. ആകയാൽ ഞങ്ങൾക്കു നീ മഴ നൽകി അനുഗ്രഹിക്കേണമേ.' ഇതായിരുന്നു ഉറുമ്പിന്റെ പ്രാർത്ഥന.

ഉറുമ്പിന്റെ ഈ പ്രാർത്ഥന കാരണം അല്ലാഹു അവർക്ക് മഴ വർഷിപ്പിച്ചുകൊടുത്തു. അപ്പോൾ സുലൈമാൻനബി(അ) തന്നെ സമീപിച്ച അനുയായികളോട് പറഞ്ഞു: 'ഇനി നമുക്ക് തിരിച്ചുപോകാം. മറ്റൊരാളുടെ (ഉറുമ്പിന്റെ) പ്രാർത്ഥന നിമിത്തം നമുക്കും ഉത്തരം ലഭിച്ചിരിക്കുന്നു.'




ഹോജ
ഹോജ ഒരു ഹോട്ടലിൽ കയറി. ഉടനെ,
എന്താണ് വേണ്ടത്?
അതിനുമുമ്പ് ഒരു കാര്യം ചോദിക്കട്ടെ, ഞാൻ കടയിൽ കയറുന്നത് നിങ്ങൾ കണ്ടോ?
അതേ, കണ്ടല്ലോ!
നിങ്ങളെന്നെ മുമ്പ് കണ്ടിട്ടുണ്ടോ?
ഇല്ലല്ലോ! ജീവിതത്തിൽ ഇതുവരെ ഞാൻ അങ്ങയെ കണ്ടിട്ടില്ല.
പിന്നെ, ഇത് ഞാനാണെന്ന് നിങ്ങൾക്കെങ്ങനെ മനസ്സിലായി?




ശാക്കിർ തോട്ടിക്കൽ

# കേരളത്തിലെ അണക്കെട്ടുകൾ -2

## മാട്ടുപ്പെട്ടി

പള്ളിവാസൽ ജല വൈദ്യുതപദ്ധതിക്കായി വെള്ളം ശേഖരിക്കാൻ 1954 ൽ നിർമ്മിച്ച അണക്കെട്ടാണ് മാട്ടുപ്പെട്ടി ഡാം. ഇടുക്കി ജില്ലയിലെ മൂന്നാറിനടുത്ത് പെരിയാറിന്റെ പോഷകനദിയായ മുതിരപ്പുഴയാറിലാണ് ഈ ഡാം നിർമിച്ചിട്ടുള്ളത്. ഡാമിന്റെ സൗന്ദര്യവും മാട്ടുപ്പെട്ടിയുടെ പ്രകൃതിഭംഗിയും അണക്കെട്ടിലെ സ്പീഡ്ബോട്ട് സഞ്ചാരവുമാണ് സഞ്ചാരികളെ ഇങ്ങോട്ടാകർഷിക്കുന്നത്.

## പീച്ചി ഡാം

തൃശൂർനഗരത്തിലെ ജനങ്ങളുടെ കുടിവെള്ളാവശ്യങ്ങൾക്കായി 1957 ൽ കരുവന്നൂർ പുഴയുടെ പോഷക നദിയായ മണലിപ്പുഴയിൽ നിർമ്മിച്ച അണക്കെട്ടാണ് പീച്ചി ഡാം. ഇതിനോടനുബന്ധിച്ചുള്ള മേഖല പീച്ചി-വാഴാനി വന്യജീവി സംരക്ഷണ കേന്ദ്രം എന്നറിയപ്പെടുന്നു.

## മുല്ലപ്പെരിയാർ

1895ൽ മദ്രാസ് സംസ്ഥാനം അഥവാ ഇന്നത്തെ തമിഴ്നാട് സംസ്ഥാനമാണ് പെരിയാർനദിയിൽ ഈ അണക്കെട്ട് നിർമ്മിച്ചത്. 365.7 മീറ്റർ നീളവും 53.6 മീറ്റർ ഉയരവുമുള്ള ഈ അണക്കെട്ട് ലോകത്തിലെ പഴക്കമുള്ള അണക്കെട്ടുകളിലൊന്നാണ്. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ, കുമിളി പ്രദേശത്താണിത്

സ്ഥിതിചെയ്യുന്നത്. ഈ അണക്കെട്ടിനെച്ചൊല്ലി കേരളവും തമിഴ്നാടും തമ്മിൽ കാലങ്ങളായി തർക്കം നിലനിൽക്കുന്നു.

## തെന്മല ഡാം

കൊല്ലം ജില്ലയിലെ തെന്മലയിൽ 1986ൽ നിർമ്മാണം പൂർത്തിയായ അണക്കെട്ടാണ് തെന്മല ഡാം. കേരളത്തിലെ ആദ്യ ഇക്കോ ടൂറിസം കേന്ദ്രമാണിത്. കല്ലട ജലസേചനപദ്ധതിയുടെ ഭാഗമായ ഈ അണക്കെട്ട് കല്ലടയാർ നദിയിലാണ് സ്ഥിതിചെയ്യുന്നത്. ജലസേചനത്തിനും വൈദ്യുതി ഉത്പാദനത്തിനുമാണ് ഇതിലെ ജലം ഉപയോഗിക്കുന്നത്. ഇന്ന് മികച്ച വിനോദ സഞ്ചാരകേന്ദ്രം കൂടിയാണിത്.

## ഇടുക്കി ഡാം

ഏഷ്യയിലെ ആദ്യത്തെ ആർച്ച് ഡാമായ ഇടുക്കി ഡാം കേരളത്തിലെ ഏറ്റവും വലിയ ജലസംഭരണിയാണ്. കുറവൻ മലയ്ക്കും കുറത്തി മലയ്ക്കുമിടയിൽ പെരിയാർനദിക്കു കുറുകെ 554 അടി ഉയരത്തിൽ നിർമ്മിച്ച ഈ ഡാം 1973 ലാണ് നിർമ്മാണം പൂർത്തിയായത്. 1976 ഫെബ്രുവരി 12 ന് അന്നത്തെ ഇന്ത്യൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയാണ് ഇടുക്കി ജലവൈദ്യുതപദ്ധതി ഉദ്ഘാടനം ചെയ്തത്.









# വേർതിരിവ്

പട്ടണക്കാട് അബ്ദുൽഖാദർ

അറേബ്യൻ ഗോത്രങ്ങൾക്കിടയിൽ ധാരാളം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. ഇവ ഇല്ലാതാക്കാനും ജനങ്ങളെ നന്മയുടെ പാതയിലേക്ക് കൊണ്ടുവരുവാനും മുഹമ്മദ്നബി(സ) ശ്രമിച്ചു.

ഒരിക്കൽ തിരുനബി(സ) അനുചരന്മാരോട് സംസാരിക്കുകയായിരുന്നു. അന്നേരം ഒരു ചെറിയ കുട്ടി സദസ്സിലേക്കോടിയെത്തി. ഒരനുചരന്റെ പുത്രനാണ്. അയാൾ കുട്ടിയെ വിളിച്ച് മടിയിലിരുത്തി. അവന്റെ തലയിൽ അരുമയോടെ തലോടിത്തുടങ്ങി.

തിരുനബി(സ) സംസാരം നിറുത്തി അവരെ നോക്കി. ആ കാഴ്ച കണ്ട് പുഞ്ചിരിച്ചു. ശേഷം സംസാരം തുടർന്നു. അല്പം കഴിഞ്ഞപ്പോൾ ആ കുട്ടിയുടെ പ്രായം കുറഞ്ഞ ഒരു സഹോദരിയും അവിടെയെത്തി. അനുചരൻ ആ കുട്ടിയെ വിളിച്ച് അരികിലിരുത്തി മുടിയൊക്കെ ഒതുക്കിക്കൊടുത്തു.

അവിടുന്ന് വീണ്ടും പ്രസംഗം നിറുത്തി ആ രംഗം ശ്രദ്ധിച്ചു.

‘അവളെയും മടിയിലിരുത്തിക്കൂടേ?’ തിരുന

ബി(സ) ചോദിച്ചു.

താനെന്തോ കുറ്റം ചെയ്തതായി അനുചരനു തോന്നി. സദസ്സിലുള്ളവർ കാര്യം പിടികിട്ടാതെ പരസ്പരം നോക്കി. അനുചരൻ ആ പെൺകുട്ടിയെയും പിടിച്ച് മടിയിലിരുത്തി. ഇരുവശങ്ങളിലായി ഇരിക്കുന്ന കുട്ടികളെ സദസ്സിലുള്ളവർ വിസ്മയത്തോടെ നോക്കി.

'താങ്കളിപ്പോൾ നീതി പുലർത്തിയിരിക്കുന്നു!' തിരുനബി(സ) സന്തുഷ്ടനായി പ്രതികരിച്ചു.

ശേഷം ഇങ്ങനെ തുടർന്നു: 'സഹോദരന്മാരേ, അല്ലാഹുവിന്റെ അനുഗ്രഹമാണ് കുട്ടികൾ! അവർക്കിടയിൽ ആണും പെണ്ണുമെന്ന വേർതിരിവ് അനുവദനീയമല്ല! രണ്ടു പേർക്കും തുല്യപരിഗണ നൽകണം. അതാണ് നീതി. സന്താനങ്ങൾ സമ്പത്താണ്. അവർ നമുക്ക് എക്കാലവും പ്രചോദനമാണ്.'

സദസ്സിലുള്ളവർക്ക് കാര്യം മനസ്സിലായി. തങ്ങളിൽ ചിലർ പിന്തുടരുന്ന വിവേചനപരമായ ആചാരങ്ങൾ തെറ്റാണെന്ന് ബോധ്യമായി.

അവർ മുഹമ്മദ്നബി(സ)യെ ആദരവോടെ നോക്കി.


പ്രതികാര ബുദ്ധി
ചന്തയിൽ മൺകലങ്ങൾ വിൽപ്പന നടത്തുകയായിരുന്നു ജമാലും ഹസനും.
വരൂ, ഈ മൺകലങ്ങൾ വാങ്ങൂ.
ഹ ഹ! അതു വാങ്ങല്ലേ.
അതെല്ലാം പൊട്ടുന്ന കലങ്ങളാണ്.
എന്റെ മൺകല ങ്ങൾ പൊട്ടില്ല.
തെമ്മാടി!
നിന്റെ മൺകല ങ്ങളും പൊട്ടും.
കണ്ടോളൂ.
ഹേയ്!



നീ എന്റെ മൺക
ലങ്ങൾ പൊട്ടി
ക്കും അല്ലേ. ദാ
പിടിച്ചോ.
അയ്യോ!
നീ എന്നെ അടി
ക്കും അല്ലേ.
കാണിച്ചുതരാം.
പോടാ.
ജമാൽ വാശിക്കാരനായിരുന്നു.
എങ്ങനെയെങ്കിലും
ഹസന്റെ കച്ചവടം അ
വസാനിപ്പിക്കണം.
ങേ! തസ്കരൻ
ഇഖ്ബാലല്ലേ വരുന്ന
ത്? അവനോട് സഹാ
യം ചോദിക്കാം.
ഇഖ്ബാൽ, ഹസ
നെ ഒരു പാഠം പഠി
പ്പിക്കാൻ എന്നെ
സഹായിക്കാമോ?
എങ്ങനെ?
അവന്റെ മൺകല
ങ്ങളുടെ കട ഇന്നു
രാത്രി കൊള്ളയടി
ക്കണം.


പ്രതിഫലമായി ഇതു പിടിക്കൂ. നൂറ് നാണയങ്ങളുണ്ട്.
ഹയ്യട, ഇതു കൊള്ളാം.
നിങ്ങൾ രണ്ടുപേരുടെയും കടകൾ അടുത്തടുത്താണല്ലോ. ഞാനെങ്ങനെ തിരിച്ചറിയും?
പറയാം.
ഹസന്റെ കടക്ക് പച്ച വാതിലാണുള്ളത്. എന്റേത് മഞ്ഞയും.
ശരി.
ഇഖ്ബാൽ മടങ്ങി.
സഹായത്തിന് കള്ളൻ കമാലിനെ കൂടി വിളിക്കാം.
രാത്രി ഇഖ്ബാലും കമാലും പുറത്തിറങ്ങി.
കമാൽ, മറക്കരുത്.
ഹേയ്, അങ്ങനെയല്ല. പച്ച വാതിൽ ഹസന്റെ കട. മഞ്ഞ വാതിൽ ജമാലിന്റേത്.


ചന്തയിലെത്തിയപ്പോൾ,
ഓ! ഇഖ്ബാൽ, സംശയം! മഞ്ഞ വാതിലല്ലേ ഹസന്റേത്?
മഞ്ഞയല്ല; പച്ച.
പക്ഷേ, നീ മഞ്ഞ എന്നല്ലേ പറഞ്ഞത്?
ഇഖ്ബാലിനും സംശയമായി.
ങേ! മഞ്ഞയോ പച്ചയോ?
ഒരു വിദ്യയുണ്ട്.
നമുക്ക് രണ്ടു കടകളും കൊള്ളയടിച്ച് സ്ഥലം വിടാം.
ഹ ഹ! അതുകൊള്ളാം.
അടുത്തദിവസം,
ഹയ്യോ, ആ കള്ളന്മാർ എന്റെ കടയും മോഷ്ടിച്ചു.
ജമാൽ നിരാശയോടെ മടങ്ങി.
എന്റെ പ്രതികാരബുദ്ധിയാണ് എല്ലാ നഷ്ടത്തിനും കാരണം.



വായനക്കുറിപ്പ്

# ജീവിക്കുന്ന ഡയറിക്കുറിപ്പുകൾ

**1929** ജൂൺ 12 ന് ഒരു സമ്പന്നകുടുംബത്തിലാണ് ആൻഫ്രാങ്ക് ജനിച്ചത്. ഓട്ടോഫ്രാങ്ക് എന്നായിരുന്നു അച്ഛന്റെ പേര്. അമ്മ എഡിത്ത് ഫ്രാങ്ക്. ആൻഫ്രാങ്ക് 1942 മുതൽ 1944 വരെയുള്ള കാലഘട്ടത്തിൽ എഴുതിയ ഡയറിയാണ് ഡയറി ഓഫ് എ യങ് ഗേൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചത്. യുദ്ധം മനുഷ്യസമൂഹത്തിൽ സൃഷ്ടിക്കുന്ന ആഘാതങ്ങളെക്കുറിച്ചുള്ള ഹൃദയസ്പർശിയായ വിവരണമാണിത്. നാസീഭീകരതയുടെ നേർക്കാഴ്ചകൾ ഈ പുസ്തകത്തിലൂടെ നമുക്ക് നേരിട്ടനുഭവിക്കാൻ കഴിയും.

1942 ജൂൺ 12 ന് തന്റെ പതിമൂന്നാം പിറന്നാളിനുള്ള സമ്മാനമായാണ് ഒരു ഡയറി ആനിന് ലഭിച്ചത്. അവൾക്ക് ഡയറിയോട് അഗാധമായ ഒരാത്മബന്ധമുണ്ടായിരുന്നു. തന്റെ സന്തോഷങ്ങളും ദുഃഖങ്ങളും അനുഭവങ്ങളും ചിന്തകളും മറ്റാരോടും പറയാത്ത രഹസ്യങ്ങളും ആൻ ആത്മമിത്രമായ ഡയറിയോട് പറഞ്ഞു. കിറ്റി എന്നാണവൾ സ്നേഹത്തോടെ തന്റെ ഡയറിയെ വിളിച്ചിരുന്നത്. പിറന്നാൾ വിശേഷങ്ങൾ പങ്കുവെച്ചാണ് ഡയറിയെഴുത്ത് തുടങ്ങിയത്. വലുതാകുമ്പോൾ ഒരു എഴുത്തുകാരിയാകണമെന്ന് അവൾ കൊതിച്ചു. എന്നാൽ പതിനഞ്ചാം വയസ്സിൽ തന്നെ അവൾ മരണത്തിന് കീഴടങ്ങി.

ഹിറ്റ്ലറിന്റെ നാസി



പാർട്ടി ജർമനിഭരിക്കുന്ന കാലം. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഹിറ്റ്ലറിന്റെ സൈന്യം നെതർലാൻഡിൽ അധിനിവേശം നടത്തി. 1933 ൽ ആനിന്റെ കുടുംബം ഹോളണ്ടിലേക്ക് കുടിയേറിപ്പാർത്തു. ജർമൻ പട്ടാളം ഹോളണ്ട് ആക്രമിച്ചപ്പോൾ അവർ ഒരു ഒളിസങ്കേതത്തിൽ അഭയം തേടി. ബിസിനസിൽ ഓട്ടോ ഫ്രാങ്കിന്റെ പങ്കാളിയായിരുന്ന വാൻഡാന്റെ കുടുംബത്തോടൊപ്പമാണ് ആൻഫ്രാങ്കും കുടുംബവും ഒളിവിൽ കഴിഞ്ഞിരുന്നത്. അവിടെ ഇടുങ്ങിയ ഒരു മച്ചിൻപുറത്തായിരുന്നു അവരുടെ ജീവിതം.

'സീക്രട്ട് അനക്സ്' എന്നാണ് ആൻഫ്രാങ്ക് ആ ഒളിസാങ്കേതത്തെ വിളിച്ചത്. ഏറിയ സമയവും ഡയറിയെഴുത്തിലും വായനയിലുമായിരുന്നു ആൻഫ്രാങ്ക്. എന്നാൽ, ഏറെ നാൾ കഴിഞ്ഞില്ല; ജർമൻ രഹസ്യപോലീസ് ആൻഫ്രാങ്കിനെയും കുടുംബത്തെയും കണ്ടെത്തി കോൺസെൻട്രേഷൻ ക്യാമ്പുകളിലേക്ക് കൊണ്ടുപോയി. മരണത്തെ മുഖാമുഖം കണ്ടിരിക്കുമ്പോഴും അവൾ ഡയറിയിൽ ഇങ്ങനെ എഴുതി: 'ഞാൻ വിശ്വസിക്കുന്നു, ആളുകളെല്ലാം ഹൃദയംകൊണ്ട് നല്ലവരാണ്.'

ഈ പുസ്തകത്തിൽ വളരെ നല്ല ഒരുപാട് സന്ദേശങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട സന്ദേശം എല്ലാവർക്കും സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ അവകാശമുണ്ടെന്നതാണ്. ആളുകൾ വ്യത്യസ്ത മതത്തിലോ വർഗ്ഗത്തിലോ ആയിരിക്കാം. എങ്കിലും അവരിൽ ആരെയും അക്രമിക്കുകയോ മാറ്റിനിർത്തുകയോ ചെയ്യരുത്. സ്നേഹിച്ചും സഹകരിച്ചും മുന്നോട്ടു പോകാം.

ഈ പുസ്തകം വായിക്കുമ്പോൾ ആൻഫ്രാങ്കിന്റെ നിഷ്കളങ്ക മുഖം മുന്നിൽ തെളിയും. അവൾ നമ്മുടെ ഉറ്റ സുഹൃത്തായി മാറും. ജീവിതം വളരെ ചെറുതായിരുന്നെങ്കിലും അവളുടെ കഥകളും കുറിപ്പുകളും അനേകായിരം ഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നു. ഭീകരമായൊരു സാഹചര്യത്തിൽ ജീവിക്കുമ്പോഴും അവൾ മനുഷ്യർക്കുള്ളിലെ നന്മയിൽ വിശ്വസിച്ചു. ആ ബാലികയുടെ വാക്കുകൾ ഇന്നും ലോകത്തെ പ്രചോദിപ്പിക്കുന്നു. ❖

**ഫാത്തിമ റന**

(റായതുൽ ഇസ്‌ലാം മദ്റസ, മുതീരി, വണ്ടൂർ റെയ്ഞ്ച്)

റൈഹാൻ

സമസ്ത ചരിത്രം - 21

# തരുവണ അബ്ദുല്ല മുസ്‌ലിയാർ



മദ്റസയിൽ മുഫത്തിശുമാർ വരാറുണ്ടല്ലോ. ചിലർക്കൊക്കെ മുഫത്തിശ് എന്നു കേട്ടാൽ പേടിയാണ്. അവർ പരീക്ഷിക്കാൻ വരുന്നവരാണെന്നും ചോദ്യങ്ങൾക്ക് ഉത്തരം നൽകിയില്ലെങ്കിൽ തോറ്റുപോകുമെന്നുമൊക്കെയാണ് പേടി. എന്നാൽ മുഫത്തിശ് വരുന്നത് കുട്ടികളെ തോൽപ്പിക്കാനല്ല; ജയിപ്പിക്കാൻ പറ്റിയ സാഹചര്യം ഉണ്ടാക്കാനാണ്. നിങ്ങൾക്കു ലഭിക്കുന്ന ക്ലാസുകളും മദ്റസയിലെ സൗകര്യങ്ങളും മെച്ചപ്പെട്ടതാണോ എന്ന് പരിശോധിക്കാനും ഏറ്റവും നല്ല ക്ലാസുകളും സൗകര്യങ്ങളും ഒരുക്കിത്തരാൻ ബന്ധപ്പെട്ടവരെ ഉണർത്താനുമാണ്. സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡാണ് മുഫത്തിശുമാരെ നിയമിക്കുന്നത്.

സമസ്ത നിയമിച്ച ഒന്നാമത്തെ മുഫത്തിശ് ആരാണെന്നറിയാമോ? തരുവണ അബ്ദുല്ല മുസ്‌ലിയാർ എന്ന വലിയ പണ്ഡിതനായിരുന്നു ആ മുഫത്തിശ്. 1956 ലായിരുന്നു നിയമനം! നമുക്ക് അബ്ദുല്ല മുസ്‌ലിയാരെ പരിചയപ്പെടാം. വയനാട്ടിലെ തരുവണ എന്ന പ്രദേശത്ത് 1927 ജൂലൈ ഏഴിനായിരുന്നു

ജനനം. പിതാവ് കുട്ടപ്പറമ്പൻ അഹ്മദ്, മാതാവ് മർയം.

തരുവണയിൽ നിന്നു തന്നെയാണ് പ്രാഥമിക പഠനം. അക്കാലത്തദ്ദേഹം സ്കൂളിൽ ഏഴാം ക്ലാസ് പാസ്സായിട്ടുണ്ട്. അന്നത് വലിയൊരു യോഗ്യത തന്നെയാണ്; സ്കൂൾ അധ്യാപകനാകാനുള്ള യോഗ്യത. ഒപ്പം വേണ്ടത്ര മതപഠനവും നടത്തി. പിന്നെ പുറംനാടുകളിലെ പള്ളിദർസിലായി പഠനം. അനേകം പണ്ഡിതന്മാരിൽ നിന്ന് ധാരാളം കിതാബുകൾ ഓതിപ്പഠിച്ചു. 1950 ൽ പൊന്നാനിയിൽ പോയി വിളക്കത്തിരുന്ന് അന്നത്തെ പണ്ഡിത ബിരുദം നേടി. സ്കൂളിൽ അറബി അധ്യാപകനാവാനുള്ള പരീക്ഷയും എഴുതി ജയിച്ചു. പക്ഷേ, അബ്ദുല്ല മുസ്‌ലിയാർ സ്കൂളിൽ ചേരാനൊന്നും പോയില്ല. മതം പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലുമായിരുന്നു താൽപര്യം. മദ്റസാധ്യാപകനായി സേവനം തുടങ്ങി. അതിനിടയിലാണ് സമസ്തയുമായി ബന്ധപ്പെടുന്നത്. സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളിലും പങ്കുകൊണ്ടിരുന്ന ആ പണ്ഡിതനെ അന്നത്തെ സമസ്ത വിദ്യാഭ്യാസ ബോർഡ് ചെയർമാൻ പറവണ്ണ മുഹ്‌യിദ്ദീൻകുട്ടി മുസ്‌ലിയാരാണ് മുഫത്തിശായി നിയമിച്ചത്.

സമസ്തയുടെ കീഴിലുള്ള മദ്റസകളെല്ലാം മുഫത്തിശ് സന്ദർശിക്കണം, പഠന ഗുണനിലവാരം പരിശോധിക്കണം, നാട്ടുകാരുമായി ബന്ധപ്പെട്ട് സഹായസഹകരണങ്ങൾ ഉറപ്പുവരുത്തണം, സമസ്തയുടെ നിർദ്ദേശപ്രകാരമാണ് പഠിപ്പിക്കുന്നതെന്ന് ഉറപ്പുവരുത്തണം. ഇതൊക്കെയായിരുന്നു മുഫത്തിശിന്റെ ഉത്തരവാദിത്തങ്ങൾ. പല നാട്ടിലും എത്തിച്ചേരാൻ വാഹനങ്ങളൊന്നും ഉണ്ടായിരുന്നില്ല. കുന്നും മലയും താണ്ടി വയലും പുഴയും കടന്ന് നടന്നു തന്നെ പോകണം. പലയിടത്തും ചെന്നാൽ ഭക്ഷണമോ താമസിക്കാൻ സൗകര്യമോ ഒന്നും ലഭിച്ചിരുന്നില്ല. എന്നാലും മുസ്‌ലിയാർ രാവും പകലും സഞ്ചരിച്ച് ദുരിതങ്ങൾ സഹിച്ച് മദ്റസകളുടെ പുരോഗതിക്ക് വേണ്ടതെല്ലാം ചെയ്തു. കൂട്ടത്തിൽ



സമസ്തയുടെ പ്രചാരണവും ജനങ്ങളെ സൽവഴിയിലേക്ക് കൊണ്ടുവരാനുള്ള വഅളു കളും ജനങ്ങൾക്കിടയിലെ പ്രശ്നങ്ങൾ പറഞ്ഞുതീർക്ക ലും വിദ്യാഭ്യാസ ബോർഡി നു വേണ്ടിയുള്ള പിരിവും... അങ്ങനെ തിരക്കോടുതിരക്കാ യിരുന്നു അബ്ദുല്ല ഉസ്താദി ന്.

9 കൊല്ലം മുഫത്തിശായി സേവനമനുഷ്ഠിച്ച ശേഷം ഉസ്താദ് ആ പദവിയിൽ നിന്ന് പിരിഞ്ഞു. പിന്നെ പള്ളിദർസിലെ മുദരിസായി, പള്ളിയിലെ ഖത്തീബായി, ഇമാമായി, മദ്റസാധ്യാപക നായെല്ലാം സേവനം തുടർ ന്നു. വിജ്ഞാനദാഹിയായ അദ്ദേഹം അപ്പോഴും പ ഠനത്തിലായിരുന്നു. ഇതിനി ടയിലും പല ഉസ്താദുമാ രുടെയും അടുത്തുപോയി കിതാബുകൾ ഓതിയിട്ടുണ്ട ത്രെ!

ആദർശ ധീരനായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. സുന്ന ത്ത് ജമാഅത്തിന്റെ ആദർശം ആരുടെ മുമ്പിലും എവിടെ വെച്ചും തുറന്നുപറയാൻ മടി ച്ചിരുന്നില്ല. സമസ്തയുടെ നിയമനിർദ്ദേശങ്ങൾ നടപ്പിലാ ക്കാൻ അദ്ദേഹത്തിന് ഒന്നും തടസ്സമായിരുന്നില്ല. ഈ ധീരത കാരണം പല മഹല്ലി ലെയും പ്രധാനികളുമായി അദ്ദേഹത്തിനു തെറ്റേണ്ടി വന്നിട്ടുണ്ട്. പലയിടത്തുനി ന്നും ജോലി നഷ്ടപ്പെട്ടു പോ രേണ്ടി വന്നിട്ടുണ്ട്. പലരെയും പിണക്കേണ്ടി വന്നിട്ടുണ്ട്. എന്നാലും തോറ്റുകൊടു ക്കാൻ ഉസ്താദ് തയ്യാറായിരു ന്നില്ല.

അബ്ദുല്ല മുസ്‌ലിയാരുടെ പ്രവർത്തനം ദീനിന് വേണ്ടി യായിരുന്നു. അതിന്നിടയിൽ ജീവിക്കാനുള്ള പണമുണ്ടാ ക്കാൻ പോലും അദ്ദേഹം ശ്രമിച്ചില്ല. അങ്ങനെ കൊടും ദാരിദ്ര്യത്തിൽ അകപ്പെട്ടു. 11

പെൺമക്കളായിരുന്നു ഉസ്താദിനുണ്ടായിരുന്നത്. അവരെ കെട്ടിച്ചയക്കാൻ വേണ്ടി ഉള്ള സ്വത്തെല്ലാം വിൽക്കേണ്ടി വന്നു. അങ്ങനെ ദരിദ്രനായ അദ്ദേഹം വയനാട് വിട്ട് പത്തനാപുരത്തേക്ക് താമസം മാറ്റി.

അവസാനകാലത്ത് സമസ്ത മുശാവറയിൽ അംഗമായിത്തന്നെ അബ്ദുല്ല മുസ്ലിയാർ സുന്നി വിദ്യാഭ്യാസ ബോർഡിന്റെ കീഴിൽ മുഫത്തിശായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. നല്ല പ്രഭാഷകനും കവിയും മഹാനായ സ്വൂഫി വര്യനുമായിരുന്നു അദ്ദേഹം. ആരുടെ മുമ്പിലും തലകുനിക്കാതെ ജീവിതാവസാനം വരെ ആ മഹാപണ്ഡിതൻ തലയുയർത്തിപ്പിടിച്ചു തന്നെ ജീവിച്ചു. സമസ്ത വിദ്യാഭ്യാസ ബോർഡിന്റെ മാത്രമല്ല സുന്നി യുവജനസംഘത്തിന്റെയും ജംഇയ്യത്തുൽ മുഅല്ലിമീന്റെയും സ്ഥാപകാംഗവും പ്രവർത്തകനുമായിരുന്നു ഉസ്താദ്. ചില ഗ്രന്ഥങ്ങളും മദറസ പാഠപുസ്തകങ്ങളും രചിച്ചിട്ടുണ്ട്. 2012 ജൂൺ 17ന് ആ പണ്ഡിതൻ ഈ ലോകത്തോട് വിട പറഞ്ഞു. മലപ്പുറം ജില്ലയിലെ പത്തനാപുരം മഹല്ല് ഖബർസ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## സൂര്യൻ



കിഴക്കു കാണാം കാലത്ത്
തലയ്ക്കു മുകളിൽ ഉച്ചയ്ക്ക്
മലകൾ മീതെ വൈകിട്ട്
കടലിലൊളിക്കും സന്ധ്യയ്ക്ക്
ആരാണാരാണീ വീരൻ
പറയുന്നോർക്കൊരു സമ്മാനം.

**സലാം തിരുമല**

റശീദ് ജലാൽ വില്ലൂർ

# ചിത്തിയന്റെ ഓട്ടമത്സരം

മയിലാടുംകുന്നിലെ പുഴക്കരികിൽ കാട്ടുമൃഗങ്ങളും പക്ഷികളും ഒത്തുകൂടി. രാജാവ് സടയൻസിംഹം പാറക്കല്ലിൽ കയറിയിരുന്ന് എല്ലാം വീക്ഷിച്ചു. കുയിൽ നീട്ടിക്കൂവാൻ തയ്യാറെടുത്തു. കാട്ടിലെ വസന്തോത്സവമാണ്. എല്ലാ വർഷവും മഴക്കാലമാകുന്നതോടെ കാട്ടിൽ ഉത്സവം നടക്കും. ഓട്ടവും ചാട്ടവും നൃത്തവും അങ്ങനെയങ്ങനെ വിവിധ മത്സരങ്ങൾ!

ആഘോഷത്തിന്റെ ദിനങ്ങളാണത്. അടുത്ത കാട്ടിലെ മൃഗങ്ങളും ഉത്സവം കാണാനെത്തും. സടയൻ സിംഹത്തിന്റെ ശബ്ദമുയർന്നു: 'പ്രിയപ്പെട്ട കാട്ടുവാസികളേ... നമ്മുടെ കാട്ടുത്സവം ആരംഭിക്കുകയാണ്. ആദ്യമായി ചാട്ടമത്സരമാണ് അരങ്ങേറുന്നത്.' കുയിൽ നീട്ടിക്കൂവി. കുരങ്ങനും കങ്കാരുവുമടക്കം നിരവധി പ്രഗത്ഭർ ചാടാൻ റെഡിയായി നിന്നു. ഓരോരുത്തരായി വരിവരിയായി വന്നു ചാടി. മയിലാടും കുന്നിനെ വലയം വെച്ചൊഴുകുന്ന കുന്നിമണിപ്പുഴയുടെ തീരത്ത് നടന്ന ചാട്ടമത്സരത്തിന്റെ ഫലം വന്നു. ചിമ്പു കങ്കാരുവാണ് ഒന്നാംസ്ഥാനം നേടിയത്. വിജയിച്ചവർക്കുള്ള അപൂർവ്വ കാട്ടുപഴങ്ങൾ രാജാവ് വിതരണം ചെയ്തു. നൃത്തമത്സരത്തിൽ കുയിലിന്റെ പാട്ടിന് താളം ചവിട്ടിയ സുന്ദരിമയിൽ വിജയിച്ചു. 'ഇനി ഓട്ടമത്സരമാണ്, മത്സരിക്കുന്നവർ തയ്യാറാവുക!' കുയിൽ ഉറക്കെ വിളിച്ചുപറഞ്ഞു. ഇതൊരു കൂട്ടയോട്ടമാണ്, ആർക്കും പങ്കെടുക്കാം.

മൃഗങ്ങളെല്ലാം റെഡിയായി നിന്നു. കുറുക്കനും പുലിയും ആനയും കുതിരയും ചീറ്റയുമെല്ലാം മത്സരത്തിനൊരുങ്ങി. ചിന്നുക്കോഴിയും കുഞ്ഞൻമുയലും

ടുട്ടുപുള്ളിമാനും ഓടാൻ തയ്യാറായി വന്നു. 'മത്സരം തുടങ്ങാൻ പോകുന്നു, ഇനി ആരെങ്കിലുമുണ്ടോ?' സിംഹ രാജൻ അലറി. പെട്ടെന്നാണ് ചതിയൻകുറുക്കൻ മത്സ രിക്കുന്നിടത്തേക്ക് വന്നത്.

വന്നതിൽ പിന്നെ എല്ലാവർക്കും പേടി തോന്നി. അവനൊരു ചതിയനാണ് എന്ന തു തന്നെ കാര ണം.



'ങേ... ചതിയനോ!' മൃ ഗങ്ങൾ മുഖത്തോടു മുഖം നോക്കി.

'അവൻ എന്തെങ്കി ലും കുതന്ത്രം ഒപ്പിച്ചിട്ടു ണ്ടാകുമോ?' തിത്തിരിതത്ത പുള്ളിമൈനയോട് ചോദി ച്ചു. ചതിയൻ മത്സരിക്കാൻ

സമയമായതും കു യിലമ്മ നീട്ടിക്കൂവി. കുന്നി മണിപ്പുഴയുടെ തീരത്തുനി ന്ന് തുടങ്ങി കാട്ടുമരവും ചുറ്റി മയിലാടുംകുന്നിന്റെ മുകളിലെ പാറയിൽ ആദ്യ മെത്തുന്നവർ വിജയിക്കും.



1974 ൽ ഏർണോ റൂബി ക് എന്ന ഹംഗേറിയൻ വാസ് തുശില്പിയാണ് റൂബിക്സ് ക്യൂബ് കണ്ടുപിടിച്ചത്.

വാശി നിറഞ്ഞ ഓട്ടം മറ്റു മൃഗങ്ങൾ നോക്കിനിന്നു. അവർ ശബ്ദമുയർത്തി ആര വമുണ്ടാക്കി. ഓട്ടത്തിനിടെ കാട്ടുമരം ചുറ്റുന്നതിനിടെ യാണ് ചതിയൻ കുറുക്കനെ കാണാതായത്.

ഓടുന്നതിനിടെ അവിനിതെവിടെപ്പോയി? എല്ലാവരും അന്ധാളിച്ചു. അപ്പോഴാണ് തിത്തിരിതത്ത ഞെട്ടിക്കുന്ന ആ കാര്യം പറഞ്ഞത്: 'കുഞ്ഞൻമുയലി നെയും കാണാനില്ല.'

ഉടനെ മത്സരം നിർ ത്തിവെച്ചിരിക്കുന്നുവെന്ന അറിയിപ്പ് മുഴങ്ങി. സടയൻ സിംഹം ഉറക്കെ അലറി. മൃ ഗങ്ങളെല്ലാം നിന്നു.

'കാണാതായവരെ പെട്ടെന്ന് അന്വേഷിച്ചു കണ്ടെത്തണം.' രാജാവിന്റെ കൽപ്പന കേട്ട് മൃഗങ്ങൾ കാ ടിന്റെ വിവിധ ഭാഗങ്ങളിൽ തിരയാൻ തുടങ്ങി. കാട്ടുമര ത്തിന്റെ അരികിലൂടെ നടന്ന നീളൻജിറാഫും ചെമ്പൻ കാട്ടുപോത്തും പാറക്കൂട്ടങ്ങ ളുടെ ഇടയിൽ പതുങ്ങിയി രിക്കുന്ന ചതിയനെ കണ്ടു. അവന്റെ കയ്യിൽ പേടിച്ചുവി റച്ച് ഒന്നു മിണ്ടാൻപോലു മാകാതെ കുഞ്ഞൻമുയലു മുണ്ട്.

'ചതിയനെ കിട്ടിയേ...'

ജിറാഫിന്റെ കരച്ചിൽ കേട്ടിടത്തേക്ക് മൃഗങ്ങൾ ഓടിയെത്തി. സടയൻരാ ജാവ് ചതിയനെ പിടികൂടി. കുഞ്ഞൻമുയൽ രക്ഷപ്പെ ട്ട് മാറിനിന്നു. 'ചതിയാ, എല്ലാവരും സന്തോഷ ത്തോടെ ഉത്സവത്തിൽ പങ്കുചേരുമ്പോൾ നിനക്കെ ങ്ങനെയാണിങ്ങനെ ചതി ക്കാൻ കഴിയുന്നത്? മനസ്സ് നന്നാകാത്ത കാലത്തോളം നീ ഈ കാട്ടിൽ വേണ്ട!'

'ഇവനെ ഇപ്പോൾ തന്നെ നാടുകടത്തുക.' രാജാവിന്റെ കൽപ്പന കേട്ട് കരിമ്പനാന മുന്നോട്ടുവന്നു. ചതിയനെ തുമ്പിക്കയ്യിൽ കോരിയെടുത്ത് ഒറ്റയേറ്.

അതോടെ ചതിയൻ ഒരു പാഠം പഠിച്ചു.

## 135ാം വയസ്സിൽ അച്ഛനായി ഗോലിയാത്ത്

മയാമിയിലെ മൃഗശാലയിലുള്ള ഗോലിയാത്തിന് ഇരട്ടി മധുരമുള്ള മാസമാണ് കഴിഞ്ഞുപോയത്; അച്ഛനായതും 135-ാം പിറന്നാൾ ആഘോഷിച്ചതും! ഇക്വഡോറിന്റെ ഭാഗമായ ഗാലപ്പഗോസ് ദ്വീപുകളിൽ മാത്രം കാണപ്പെടുന്ന ആമയാണ് ഗോലിയാത്ത്. കടുത്ത വംശനാശഭീഷണി നേരിടുന്ന ഈ ആമകൾ എണ്ണത്തിൽ വളരെക്കുറച്ചേയുള്ളൂ. ഗാലപ്പഗോസ് എന്ന വാക്കിന്റെ



അർത്ഥം തന്നെ ഭീമൻ കരയാമ എന്നാണ്. ഗോലിയാത്തിനുമുണ്ട് 234 കിലോഗ്രാം ഭാരം. 1885നും 1890നും ഇടയിൽ സാന്താക്രൂസ് ദ്വീപിലാണ് ഗോലിയാത്തിന്റെ ജനനം. 1981ൽ മിയാമി മൃഗശാലയിലെത്തി. അന്നു മുതൽ അച്ഛനാവാനുള്ള കാത്തിരിപ്പിലായിരുന്നു. ഒടുവിൽ അതിനു തുണയായത് അതേ മൃഗശാലയിലെ 'സ്വീറ്റ് പീ' എന്ന ആമ. 85നും 100നും ഇടയിലാണ് സ്വീറ്റ് പീയുടെ പ്രായം. ജനുവരി 27ന് ഇട്ട എട്ടു മുട്ടകളിലൊന്നാണ് ജൂൺ 4ന് വിരിഞ്ഞത്. വംശനാശഭീഷണി നേരിടുന്ന ഉരഗങ്ങളിൽ ഒന്നിന്റെ മുട്ട വിരിയുന്നതും മിയാമി മൃഗശാലയിൽ ഇതാദ്യം.

# ആഴമുള്ള കുളം



ആഴമുള്ളൊരു കുളത്തിൽ ഒരുപാട് തവളകൾ കഴിഞ്ഞിരുന്നു. കൂട്ടത്തിൽ ചെറുതായിരുന്നു ചൊട്ടു.
വെള്ളം കെട്ടിക്കിടക്കുന്ന ഈ പഴയ കുളത്തിൽ മുങ്ങിയും പൊങ്ങിയും ജീവിച്ചു മടുത്തു.
കുറച്ചപ്പുറത്ത്, തെളിനീരൊഴുകുന്ന ഒരു അരുവിയുണ്ട്. ഞാനവിടേക്ക് പോവുകയാണ്.
ങേ!
ഹേയ്! ചൊട്ടൂ, അത് അപകടമാണ്. നമുക്കിവിടെ കഴിയുന്നതാണ് ബുദ്ധി.
മുതിർന്ന തവള പറഞ്ഞതു കേൾക്കാതെ ചൊട്ടു അരുവി തേടി യാത്രയായി.
മണ്ടൻമാർ! ലോകം കാണാതെ ആ കുളത്തിൽ തന്നെ മരിച്ചു പോകും.


വൈകാതെ ചൊട്ടു അരുവിയിലെത്തി.
ഹായ്, തെളിഞ്ഞ വെള്ളം. ചുറ്റും കാണാൻ നല്ല രസം!
കുറച്ചു കഴിഞ്ഞ് വേനലെത്തിയപ്പോൾ,
ങേ! ഉറവ റ്റുകയാണല്ലോ! ഇനി എന്തു ചെയ്യും?
കുളത്തിലേക്ക് തിരിച്ചു പോവുക തന്നെ. മുതിർന്നവർ പറഞ്ഞത് അനുസരിക്കാത്തതിന്റെ ഫലമാണിത്.

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. കോഴിക്കോട് ജില്ലയുടെ ഔദ്യോഗിക പുഷ്പമായി തിരഞ്ഞെടുക്കപ്പെട്ട പുഷ്പം?

2. സ്വന്തമായൊരു വൃക്ഷം, പൂവ്, പക്ഷി, ജീവിവർഗ്ഗം എന്നിവ പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യ ജില്ല?

3. 2025 മേയിൽ അന്തരിച്ച, രാജ്യത്തെ ആണവറിയാക്ടറുകളുടെ ശില്പി എന്നറിയപ്പെടുന്ന ആണവോർജ കമ്മീഷൻ മുൻ ചെയർമാൻ?

4. സംസ്ഥാനത്ത് ആദ്യമായി ബാലാവകാശക്ലബ്ബിനു തുടക്കം കുറിച്ച ജില്ല?

5. ഈ വർഷത്തെ ബുക്കർ പ്രൈസിനർഹമായ എഴുത്തുകാരി ബാനു മുഷ്താഖിന്റെ കഥാസമാഹാരം?

6. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (യു.പി.എസ്.സി) പുതിയ ചെയർമാൻ?

7. ഇന്ത്യൻ ടെസ്റ്റ് ക്രിക്കറ്റ് ടീമിന്റെ പുതിയ ക്യാപ്റ്റൻ?

8. 2025ലെ ഐ.പി.എൽ കിരീടം നേടിയ ടീം?

9. പഹൽഗാം ഭീകരാക്രമണത്തിനു മറുപടിയായി പാക്കിസ്ഥാനെതിരെ ഇന്ത്യ നടത്തിയ പ്രത്യാക്രമണം അറിയപ്പെട്ടത്?




10. രാജ്യാന്തര മനുഷ്യാവകാശ സംഘടനയായ ആംനെസ്റ്റി ഇന്റർനാഷണൽ സ്ഥാപിതമായ വർഷം?

11. 2024-25 സീസണിലെ യുവേഫ ചാമ്പ്യൻസ് ലീഗ് ഫുട്ബോൾ കിരീടം നേടിയ ക്ലബ്?

12. ഏറ്റവും കൂടുതൽ തവണ എവറസ്റ്റ് കീഴടക്കിയ ഷെർപ വിഭാഗക്കാരനല്ലാത്ത വ്യക്തി?

13. കേന്ദ്ര റെയിൽവേ മന്ത്രി?

14. ഈയിടെ ആണവായുധമല്ലാത്ത ഹൈഡ്രജൻ ബോംബ് വികസിപ്പിച്ച രാജ്യം?

15. കടുവ സംരക്ഷണത്തിനുള്ള ആഗോള കൂട്ടായ്മയായ ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസിന്റെ ആസ്ഥാനവും സെക്രട്ടറിയേറ്റും സ്ഥാപിക്കാൻ



ഡോ. എം.ആർ ശ്രീനിവാസൻ, ശുഭ്മാൻ ഗിൽ, അജയ്കുമാർ, ബാനു മുഷ്താഖ്, കെന്റൻ കൂൾ

ധാരണയായതെവിടെ?

16. അംബ കേന്ദ്ര കഥാപാത്രമായി വരുന്ന സമകാലീന മലയാള നോവൽ?

17. ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കളെ അംഗനവാടികളിലും സ്കൂളുകളിലുമെത്തിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതി?

18. 2025 ലെ വനിതാ കബഡി ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്ന ഇന്ത്യൻ സംസ്ഥാനം?




19. 2025 ഏപ്രിൽ 19ന് വിക്ഷേപണത്തിന്റെ അമ്പതാം വാർഷികം ആഘോഷിച്ച ഇന്ത്യയുടെ ആദ്യ കൃത്രിമോപഗ്രഹം?

20. എവറസ്റ്റ് കീഴടക്കിയ ആദ്യം മലയാളി വനിത?

21. റൊമാനിയയുടെ പുതിയ പ്രസിഡന്റ്?

22. ഭൂപടങ്ങൾ തയ്യാറാക്കുന്ന ശാസ്ത്രശാഖ?

23. ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ പ്രസിദ്ധമായ സിന്ധു നദീജല കരാർ ഒപ്പുവെച്ചതെന്ന്?

24. ഐ.എസ്.ഒ അംഗീകാരം ലഭിച്ച കേരളത്തിലെ ആദ്യ താലൂക്ക് ഓഫീസ്?

25. ആഗോള മാധ്യമസ്വാതന്ത്ര്യം സൂചികയിൽ ഒന്നാമതെത്തിയ രാജ്യം?

**ഉത്തരങ്ങൾ**

1. അതിരാണി, 2. കാസർഗോഡ്, 3. ഡോ. എം.ആർ ശ്രീനിവാസൻ, 4. തിരുവനന്തപുരം, 5. ഹാർട്ട് ലാംപ്, 6. അജയ്കുമാർ, 7. ശുഭ്മാൻ ഗിൽ, 8. റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ, 9. ഓപ്പറേഷൻ സിന്ദൂർ, 10. 1961, 11. പി.എസ്.ജി, 12. കെന്റൻ കൂൾ, 13. അശ്വിനി വൈഷ്ണവ്, 14. ചൈന, 15. ന്യൂഡൽഹി, 16. സമുദ്രശില, 17. ആയിയേ എക്സാഥ് സീഖേ, 18. ബീഹാർ, 19. ആര്യഭട്ട, 20. സഫ്രീന ലത്തീഫ്, 21. നികുസോർഡാൻ, 22. കാർട്ടോഗ്രാഫി, 23. 1960 സെപ്റ്റംബർ 19, 24. ഏറനാട്, 25. നോർവേ


മിസ്റ്റർ
മണ്ടപ്പൻ
അണ്ണേ, മഴ തിമിർത്തു പെയ്യുകയാണല്ലോ.
അങ്ങനെ പെയ്യട്ടെ. വെള്ളം വേണമല്ലോ നമുക്ക്!
മഴക്കാലത്ത് വിശപ്പ് വർദ്ധിക്കുമെന്ന് പറയുന്നത് ശരിയാണോ?
ശരിയാണെന്നാണ് അനുഭവം പറയുന്നത്.
ഇന്ന് നമുക്ക് സ്വന്തമായി വല്ലതും ഉണ്ടാക്കിയാലോ?
അതൊരു മികച്ച ഓപ്ഷനാണ്. ഹോട്ടൽ ഭക്ഷണം അത്ര നല്ലതല്ല.
എങ്കിൽ പറയൂ, എന്തുണ്ടാക്കും പ്രാതലിന്?
കുറച്ച് ഉപ്പുമാവ് ഉണ്ടാക്കാം.


അണ്ണന് പാചകം അറിയാമോ?
പിന്നെന്താ മച്ചൂ... അര കിലോ മൈദയും ഇത്തിരി മണ്ണെണ്ണയുമുണ്ടെങ്കിൽ ആർക്കും ഉണ്ടാക്കാവുന്ന തേയുള്ളൂ.
ങേ! ഇത് പുതിയ റെസിപ്പിയാണല്ലോ! ഉപ്പുമാവിന് മൈദയും മണ്ണെണ്ണയും?
പിന്നെ അരി കൊണ്ടാണോ ഉപ്പുമാവുണ്ടാക്കുന്നത്?
പട്ടിണി കിടന്നാലും അണ്ണന്റെ ഉപ്പുമാവ് എനിക്കു വേണ്ട.
അതേസമയം,
അപ്പന്മാരെ വിളിച്ചിട്ട് കിട്ടുന്നില്ല ബോസ്!
ഇനി എന്തു ചെയ്യും?
ജീപ്പെടുക്കൂ. പോയി നോക്കാം.
ഓ. കെ ബോസ്.


മച്ചൂ, വെറുതെ തർക്കിച്ചു സമയം കളയണ്ട. ഏതെങ്കിലും നാടൻ ഹോട്ടൽ പരതാം.
കാറ്റാടിക്കുന്നിൽ ഒരു നാടൻ ഹോട്ടലുണ്ട്. അവിടെ പോകാം.
അപ്പന്മാർ ബൈക്കിൽ,
വേഗം വിട് മച്ചൂ. മഴ ഇപ്പോൾ പെയ്യും.
മഴക്കാലത്ത് വേഗത അപകടമാണെന്നറിയില്ലേ?
ശരിയാ, ആറുവരിപ്പാതകൾ പോലും ഇടിഞ്ഞുവീഴുന്ന കാലമല്ലേ?
ഹിഹി!
ഏമാന്മാർ അപ്പന്മാരുടെ വീടിനു മുന്നിൽ.
വീട് പുറത്തുനിന്ന് ലോക്കാണല്ലോ?
ഇനി അവർ അപ്പന്മാരെയും തട്ടിക്കൊണ്ടുപോയോ?
കുഴഞ്ഞല്ലോ. ഇനിയെന്ത് ചെയ്യും?
തൽക്കാലം തിരിച്ചുപോകാം.


മഴപെയ്തപ്പോൾ,
ഇനിയെന്തു ചെയ്യും അണ്ണേ
തൽക്കാലം ഈ പഴയ കടവരാന്തയിൽ കയറി നിൽക്കാം.
ഇവിടെയൊന്നും ഒരു ഈച്ചയെ പോലും കാണുന്നില്ലല്ലോ.
തത്സമയം കടക്കകത്ത്,
ങാ... 10000 അയച്ചാൽ പറഞ്ഞുവിടാം.
ആളിവിടെ സേഫാണ്.
നോ എക്സ്ക്യൂസ്!



അപ്പന്മാർ പുറത്ത്,
മച്ചൂ, കടക്കകത്ത് എന്തോ സംസാരം കേൾക്കുന്നുണ്ടല്ലോ.
യെസ്! എന്തോ പന്തികേട് മണക്കുന്നുണ്ട്.
ഒന്നു പോയി നോക്കണോ?
ഹേയ്! വഴിയേ പോകുന്നത് വാരി തലയിലിടണോ അണ്ണേ?
പറഞ്ഞു തീർന്നതും, പഴത്തൊലിയിൽ ചവിട്ടി വാലപ്പൻ അകത്തേക്ക്...
ഹമ്മേ, പഴത്തൊലി.
അകത്ത് നടക്കുന്ന രംഗങ്ങൾ...
ഹാന്റ്സപ്പ്!
ങേ!


കുട്ടികളെ തട്ടിക്കൊണ്ടുപോയി വിലപേശലാണല്ലേ പുതിയ പരിപാടി?
സോറി സാർ!
ഒന്നും പറ്റിയിട്ടില്ലല്ലോ മക്കളേ?
ഇല്ല. ഞങ്ങൾ സേഫാണ്.
ഏമാന്മാർ പുറത്ത് ജീപ്പിൽ,
ഹറിയപ്പ്! ഫോളോ ദം!
ദേ, അപ്പന്മാരുടെ ബൈക്ക്.
അകത്ത്,
വെൽഡൺ അപ്പന്മാരേ! തേടിയ വള്ളികൾ രണ്ടും കാലിൽ ചുറ്റി.
അപ്പന്മാർക്ക് സ്വീകരണം...
മണ്ടപ്പൻ കീ ജയ്...
വാലപ്പൻ ദി ഹീറോ...

നോവൽ – 21

മുജ്തബ നസ്വീഹ്

# കണ്ണീരിന്റെ പുളിപ്പ്

അബൂട്ടി ആകെ പേടിച്ചുവിറച്ചു പോയി. ഉമ്മ പിടിച്ചണച്ചുകൂട്ടി ഞെരിക്കുന്നു. മുഖത്തും തലയിലുമൊക്കെ ഉമ്മ തരുന്നു. ഉമ്മയുടെ കണ്ണീർ തുള്ളികൾ തന്റെ മുഖവും തലയുമൊക്കെ നനച്ചിരിക്കുന്നു. ഉമ്മയൊന്നു പിടുത്തം വിട്ടെങ്കിൽ! ഉമ്മയുടെ മുഖം ശരിക്കൊന്നു കാണാൻ പോലും കഴിയുന്നില്ലല്ലോ. 'ന്റെ അബൂട്ടി മോനേ' എന്നു വിളിച്ച് ആർത്തു കരയുക തന്നെയാണുമ്മ. അതിനിടെ മാമിയുടെ ഒച്ച കേട്ടു: 'ഏയ്... എന്താണിവിടെ? ഈ അന്തിനേരത്ത് ഇങ്ങനെ മുറവിളി കൂട്ടിയാൽ അയലത്തുള്ളോരൊക്കെ ഓടി വരൂല്ലേ... ഇവിടെന്തോ അപകടമുണ്ടായെന്നു വിചാരിച്ച്...! ഇങ്ങനെയുണ്ടോ ഒരുമ്മയും മോനും!'

ഉമ്മ പക്ഷേ അതൊന്നും കേൾക്കുന്നില്ലെന്നു തോന്നുന്നു. കരച്ചിലിപ്പോ ഒരേങ്ങലടിയായി മാറിയിട്ടുണ്ട്. ആടുകളെ മണക്കുന്ന കുപ്പായത്തിലും കൈകളിലുമൊക്കെ ഉമ്മയുടെ കൈ ഇഴഞ്ഞു നീങ്ങുന്നുണ്ട്. ഉമ്മയുടെ കൈകൾക്ക് എന്തൊരു ഉരമാണിപ്പോൾ! ഉമ്മയുടെ മിനുമിനുത്ത കൈ ആകെ ഉരത്തു പോയല്ലോ.

ആടുകൾ കൂട്ടിൽ കയറാതെ മുറ്റത്താകെ ചിതറിയിരിക്കുന്നു. മാമിയുടെ മക്കൾ നട്ടുവളർത്തിയ ചെടികളുടെ തലപ്പുകൾ കടിക്കുന്നുണ്ട് ചിലർ. അബൂട്ടി ഉമ്മയുടെ പിടുത്തം

വിടീച്ച് ആടുകളെ തെളിച്ചു കൂട്ടിലാക്കി. ഇരുൾ പരന്നു തുടങ്ങിയതു കൊണ്ടാവും അവ വേഗം കൂട്ടിലേക്ക് ഓടിക്കയറി. അവൻ ആശ്വാസത്തോടെ ഉമ്മയെ നോക്കി. ഇപ്പോഴാണ് ഉമ്മയുടെ മുഖം ശരിക്കും കണ്ടത്. കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ട്. ഇടയ്ക്കിടെ മൂക്ക് ചീറ്റുന്നുമുണ്ട്. ഉമ്മയുടെ നല്ല വെളുത്ത മുഖം കറുത്തിരിക്കുന്നു. പ്രായമിത്തിരി കൂടിയ പോലെ. അവൻ ആ മുഖത്തേക്കു നോക്കി ഒന്ന് ചിരിച്ചു. അതു കണ്ടപ്പോൾ ഉമ്മയുടെ ചുണ്ടും ഇത്തിരി വിടർന്നല്ലോ.



അപ്പോൾ അബൂട്ടിയുടെ മനസ്സിൽ തെളിഞ്ഞത് കുന്നിൻമുകളിൽ നിന്ന് കാണുന്ന വെയിൽമഴയുടെ

ചിത്രമാണ്.

'ന്റെ മോനാകെ മെലിഞ്ഞു നീണ്ടിട്ടുണ്ടല്ലോ.' ഉമ്മ അവനെ അടിമുടിയൊന്നു നോക്കി പറഞ്ഞു.

'അബൂട്ടിയിപ്പോ വല്യ ആളായിട്ടില്ലേ മ്മാ.' അവൻ ചിരിച്ചുകൊണ്ട് ചോദിച്ചു.

'ഓ... വല്യ ആളായിട്ട്ണ്ട്. വല്യ വീട്ടിലെ പണിക്കാരനല്ലേ!'

നല്ല ഉച്ചത്തിലാണ് ഉമ്മയങ്ങനെ പറഞ്ഞത്. മാമി കേൾക്കട്ടെ എന്ന് വിചാരിച്ചാവും.

പെട്ടെന്നാണ് ദൂരെ നിന്ന് മഗ്‌രിബ് ബാങ്കിന്റെ ശബ്ദം കേട്ടത്. ദർസിൽ പോകണമല്ലോ. കുളിച്ചിട്ടില്ല.

'ഉമ്മാ എനിക്ക് ദർസിൽ പോകണം. നേരം വൈകി.' അവൻ ഉമ്മയോട് പറഞ്ഞു. ഉമ്മ അവനെ ഒന്നുകൂടി ഉഴിഞ്ഞു നോക്കി പറഞ്ഞു: 'ഇന്ന് മോൻ ദർസിൽ പോകേണ്ട. ഉമ്മയ്ക്ക് അബൂട്ടിനെ കണ്ണുനിറയെ കാണാൻ കിട്ടിയ ദിവസല്ലേ.'

എന്നാലും പോകണമെന്നുണ്ടായിരുന്നു. ഉമ്മ പറഞ്ഞതോർത്തപ്പോൾ മനമില്ലാ മനസ്സോടെ അബൂട്ടി പറഞ്ഞു: 'എന്നാ പോകണ്ട. ഞാൻ കുളിച്ചുവരട്ടെ.' അവൻ കിണറ്റിൻകരയിലേക്കോടി.

ഉമ്മ അവനെത്തന്നെ നോക്കി നിൽക്കുന്നുണ്ടായിരുന്നു. കിണറ്റിൽ നിന്നു വെള്ളം കോരിയെടുത്ത് തലയിലൊഴിച്ചപ്പോൾ നല്ല സുഖം. എല്ലാ ക്ഷീണവും ആ കുളിയോടെ മാറിക്കിട്ടുമല്ലോ. വെറും കൈകൊണ്ട് തലയിലും മേലുമൊക്കെ തേക്കുമ്പോൾ അവൻ കൊതിച്ചു: തലയിൽ തേക്കാനിത്തിരി എണ്ണ കിട്ടിയിരുന്നെങ്കിൽ! മുടിയാകെ ചകിരി പോലെ ഉരത്തിരിക്കുന്നു. മേലൊക്കെ തേക്കാൻ ഒരു കഷ്ണം സോപ്പ് കിട്ടിയിരുന്നെങ്കിൽ! ആടുകളുടെ ചൂരും വിയർപ്പിന്റെ നാറ്റവും പോയിക്കിട്ടണമെങ്കിൽ സോപ്പ് വേണം. അപ്പോൾ അവനൊരു ഉപായം തോന്നി. ഇത്തിരി വാഴയില ഊർന്നെടുത്ത് ചുരുട്ടിക്കൂട്ടി തേക്കാം. വയലോരത്തെ തോട്ടിൽ നിന്ന് കുളിക്കുന്ന പണിക്കാർ അങ്ങനെ തേക്കുന്നതവൻ കണ്ടിട്ടുണ്ട്. അവൻ കിണറ്റിൻകരയിലെ വാഴയിൽ നിന്ന് ഇലയൂരിയെടുത്ത് മേലാകെ ഒന്നുരസി. ശരീരമൊന്നു വൃത്തിയായ

പോലെ അവനു തോന്നി. ഉമ്മ യ്ക്കും കുഞ്ഞനിയത്തിക്കും എന്നെ മണക്കരുതല്ലോ.

കുളി കഴിഞ്ഞു വന്നപ്പോഴും ഉമ്മ അവിടെത്തന്നെ നിൽക്കുകയാണ്, അവനെ നോക്കിക്കൊണ്ട്. തോർത്തുമുണ്ട് മാത്രമുടുത്തു വന്നപ്പോൾ അവന് നാണം തോന്നി. അബൂട്ടിയിപ്പോൾ വലിയ ആളായിട്ടുണ്ടല്ലോ. വേഗം അകത്തുപോയി ഉസ്താദുമാർ സമ്മാനിച്ച പാന്റ്സും ഷർട്ടും എടുത്തിട്ട് മുടി ചീകി പുറത്തേക്കു വന്നു. അപ്പോൾ ഉമ്മ കുഞ്ഞനിയത്തിയെയുമെടുത്ത് അവനെ കാത്തുനിൽക്കുകയായിരുന്നു.



'കുഞ്ഞ്യോളേ, നോക്ക്, മോള്ടെ ഇക്കാക്ക!' ഉമ്മ അവളോട് പറയുന്നതു കേട്ടു. അപ്പോൾ അവന് വീണ്ടും നാണം. അബൂട്ടിയിപ്പോൾ ഇക്കാക്കയാണല്ലോ. കുഞ്ഞ്യോളുടെ ഇക്കാക്ക! അവൻ കുഞ്ഞ്യോളെ നോക്കി ചിരിച്ചു. അവൾ തുറിച്ചു നോക്കുകയാണ്, അല്പം ഭയത്തോടെ. അവൾക്കറിയില്ലല്ലോ ഈ ഇക്കാക്കാനെ!

### കടുവാദിനം



എല്ലാ വർഷവും ജൂലൈ 29 അന്താരാഷ്ട്ര കടുവാദിനമായി ആചരിക്കുന്നു. 2010 ൽ സെന്റ് പീറ്റേഴ്സ്ബർഗിൽ നടന്ന ടൈഗർസമ്മിറ്റിലാണ് കടുവകളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഓർമിപ്പിക്കാൻ കടുവാദിനാചരണത്തിന് തുടക്കം കുറിച്ചത്.

പക്ഷേ, ആ നോട്ടവും ഭയവുമൊന്നും അധികനേരം തുടർന്നില്ല. അവൾ അബൂട്ടിയുടെ നേരെ നോക്കി ചിരിക്കാൻ തുടങ്ങി. അവ്യക്തമായി എന്തൊക്കെയോ പറയുന്നുമുണ്ട്. അബൂട്ടിക്ക് വലിയ സന്തോഷം. അവൻ അവളുടെ നേരെ കൈ നീട്ടി. അവൾ അവന്റെ കൈകളിലേക്ക് ചാഞ്ഞു. 'വീണു പോകല്ലേ' എന്നു പറഞ്ഞ് ഉമ്മ അവളെ അവന്റെ കൈകളിൽ വെച്ചുകൊടുത്തു. നല്ല കനമുണ്ട്. വീണു പോവാതിരിക്കാൻ അവനവളെ മുറുകെ പിടിച്ചു. അവൾക്കും നല്ല സന്തോഷം! ആ രംഗം കണ്ട് ഉമ്മയുടെ മുഖത്തും ചിരിയും സന്തോഷവും വിടർന്നല്ലോ.

'മ്മാ, നമ്മൾക്കകത്തേക്ക് പോകാം.' അബൂട്ടി ഉമ്മയെ അകത്തേക്ക് ക്ഷണിച്ചു. അബൂട്ടിയാണല്ലോ ഇപ്പോൾ വീട്ടുകാരൻ! ഉമ്മ വിരുന്നുകാരിയും. കാറ്റു കടക്കാത്ത മുറിയിലെത്തിയപ്പോൾ കുഞ്ഞ്യോൾക്ക് എന്തോ ഒരു അസ്വസ്ഥത! അവൾ ഉമ്മയുടെ ഒക്കത്തു നിന്ന് പുറത്തേക്കു വലിയാൻ തുടങ്ങി. ഉമ്മ വാതിൽക്കൽ തന്നെ നിന്നു മുറിയാകെ കണ്ണോടിക്കുകയാണ്. അബൂട്ടിയുടെ കിടക്കപ്പായയും ചുരുട്ടിക്കൂട്ടി വെച്ച പുതപ്പും പിന്നെയും പിന്നെയും നോക്കുന്നു.

'ഇവിടെയിരിക്കാം ഉമ്മാ.' അബൂട്ടി ഉമ്മയെ കട്ടിലിലിരിക്കാൻ ക്ഷണിച്ചു. പെട്ടെന്ന് ഉമ്മ മുന്നോട്ടുവന്ന് അബൂട്ടിയെ ഒരു കൈകൊണ്ട് വലിച്ചടുപ്പിച്ച് മൂർധാവിൽ ഉമ്മവച്ചു. നെറുകയിൽ നിന്നു വെള്ളച്ചാലുകൾ ഒഴുകിയിറങ്ങുന്നു. അത് മുഖത്തുകൂടി ഒഴുകിയപ്പോൾ വല്ലാത്ത പുളിപ്പ്. ഉമ്മയുടെ കണ്ണുനീർ! ഉമ്മ വീണ്ടും കരയുകയാണല്ലോ.

(തുടരും)



# എന്റെ പ്രാർത്ഥന

കഴിഞ്ഞുപോയ വേദനകളെയോർത്ത് ദുഃഖിക്കുന്നതിനേക്കാൾ നല്ലത്, വരാനിരിക്കുന്ന പ്രതീക്ഷകളെയോർത്ത് പുഞ്ചിരിക്കുന്നതാണെന്ന് ഉമ്മയാണെന്നെ പഠിപ്പിച്ചത്. പ്രയാസങ്ങൾ നേരിടുമ്പോഴെല്ലാം ഞാൻ ഉമ്മയോടാണ് പറയാറ്. ഉമ്മയോടും ഉപ്പയോടും പറഞ്ഞാൽ പരിഹാരമാകാത്ത പ്രശ്നങ്ങളൊന്നുമില്ല. അവരുടെ മുഖത്തേക്ക് നോക്കിയാൽ തന്നെ വലിയ ആശ്വാസമാണ്. ഉമ്മയില്ലെങ്കിൽ ഇരുട്ട് നിറഞ്ഞ വല്ലാത്തൊരു ശൂന്യതയാണ്. ഉമ്മാക്കും ഉപ്പാക്കും ആരോഗ്യവും ദീർഘായുസ്സും നൽകണേ എന്ന പ്രാർത്ഥനയാണ് മനസ്സിലപ്പോഴും.

***ആഇശ നിദ പി, ഹയാത്തുൽ ഇസ്‌ലാം മദ്റസ, മണൽപ്പാടം***

# ഉമ്മയുടെ നോവ്

പെറ്റുമ്മയുടെ
തലക്കടിക്കുന്നു,
ലഹരിയുടെ
കയത്തിലകപ്പെട്ട
പൊന്നുമോൻ.
അപ്പോഴും, മകൻ
പാവമാണെന്നും
ശിക്ഷിക്കരുതെന്നും
ഉമ്മ വിതുമ്പിപ്പറയുന്നു!
മാതൃസ്നേഹത്തിന്റെ
ആഴത്തിനു മുന്നിൽ
ലഹരിയും ക്രൂരതകളും
തോറ്റുപോകുന്നല്ലോ!

***രിസാലത്തു റശാദ, ക്ലാസ് 8, അൽബിലാൽ മദ്റസ, പാണ്ടമംഗലം***



# അത്തിമരത്തിലെ തത്തമ്മ

അത്തിമരത്തിലെ കൊച്ചുകൊമ്പിൽ
കൂടൊന്നു വച്ചൂ തത്തമ്മ
അങ്ങോട്ടുമിങ്ങോട്ടും പാറിനടന്നൂ
ചെഞ്ചുണ്ടുള്ളൊരു തത്തമ്മ
ഇടവപ്പാതിക്കാലത്തൊരുനാൾ
മുട്ടയിട്ടൂ തത്തമ്മ
പിന്നൊരുനാളിൽ മുട്ടവിരിഞ്ഞു
പുറത്തുവന്നൂ കുഞ്ഞുങ്ങൾ!



***അൽഫയാസ് ഫസൽ, ക്ലാസ് 7, ഹയാത്തുൽഇസ്‌ലാം മദ്റസ, ഇരുമ്പയം***

# തലസ്ഥാനത്തേക്കൊരു യാത്ര

ഏറെ സന്തോഷത്തോടെയാണ് ഞാൻ ആ പ്രഭാതത്തെ വരവേറ്റത്. തിരുവനന്തപുരത്തേക്ക് യാത്ര പോകുന്ന ദിനമായിരുന്നു അത്. വീട്ടിൽ നിന്നിറങ്ങുമ്പോഴും യാത്ര പുറപ്പെടുമ്പോഴും ചൊല്ലേണ്ട ദിക്റുകൾ ഉപ്പ ഉണർത്തി. അതേറ്റു ചൊല്ലി യാത്രയാരംഭിച്ചു. തീവണ്ടിയിലായിരുന്നു യാത്ര. മനോഹരമായ കാഴ്ചകൾ കണ്ടുള്ള യാത്ര ഞങ്ങൾ ആവോളം ആസ്വദിച്ചു. വൈകുന്നേരമാണ് തിരുവനന്തപുരത്തെത്തിയത്. ലുലുമാൾ സന്ദർശിച്ച് ആവശ്യമായ സാധനങ്ങൾ വാങ്ങി റൂമിലേക്ക് നീങ്ങി. അന്ന് അവിടെ ഒരു റൂമെടുത്ത് താമസിച്ചു. അടുത്ത ദിവസം രാവിലെ ബീമാപള്ളിയിൽ സിയാറത്ത് നിർവഹിച്ചു. പിന്നീട് തിരുവനന്തപുരം മൃഗശാല സന്ദർശിച്ചു. വിവിധയിനം മൃഗങ്ങളെയും പക്ഷികളെയും ഞങ്ങളവിടെ കണ്ടു. മറ്റനേകം കാഴ്ചകളും കണ്ട് ഞങ്ങൾ മടങ്ങി.

***യഹ്‌യ പി.വി, ക്ലാസ്സ് 10, ഇസ്സത്തുൽ ഇസ്‌ലാം മദ്റസ, പാലത്തുങ്കര***

# കത്തുകൾ

*പ്രിയപ്പെട്ട ബാലകുസുമത്തിന്
നിന്നെ എനിക്ക് ഏറെ ഇഷ്ടമാണ്. നിന്നെ കിട്ടിയാൽ ആദ്യം വായിക്കാറുള്ളത് അബൂട്ടിയുടെ സങ്കടക്കഥയാണ്. പിന്നെ മിസ്റ്റർ മണ്ടപ്പനും ഹോജയുമെല്ലാം വായിക്കും. വളരെ രസകരമാണവ. നീ തരുന്ന ക്വിസ് വളരെ സഹായകമാണ്. നീ എനിക്ക് ഒരുപാട് അറിവുകൾ സമ്മാനിക്കുന്നു. എന്റെ മദ്റസയിലുള്ളവരെല്ലാം നിന്നെ വായിക്കാറുണ്ട്. എല്ലാവർക്കും ഒത്തിരി ഇഷ്ടമാണ് നിന്നെ. മനോഹരമായ കഥകളുമായി വീണ്ടും വരുമെന്ന പ്രതീക്ഷയോടെ,*

***ഫാത്തിമ സഹ്റ കെ. എം
ക്ലാസ് 6, മർകസ് വാലി ദാറുൽ ഹുദാ മദ്റസ എളേറ്റിൽ***

*പ്രിയപ്പെട്ട ബാലകുസുമത്തിന്,
നിന്നെ എല്ലാ മാസവും കാത്തിരിപ്പാണ് ഞാൻ. എന്റെ കൂട്ടുകാർ വരച്ചതു കണ്ട് എനിക്കും കുസുമത്തിലേക്ക് ചിത്രം വരക്കാൻ മോഹമായി. അങ്ങനെ ഞാൻ അയച്ച ചിത്രങ്ങളും കുസുമത്തിൽ വന്നു. എനിക്ക് വലിയ സന്തോഷമായി. കുസുമത്തിലെ എല്ലാ കഥകളും ഞാൻ വായിക്കാറുണ്ട്. സഫർ ആണെനിക്ക് കൂടുതൽ ഇഷ്ടം. കുസുമത്തിലെ കവിതകളും കഥകളുമെല്ലാം സൂപ്പർ! ഒരായിരം അഭിനന്ദനങ്ങൾ!*

***ഫാത്തിമ റിൻശ എ. ടി, ക്ലാസ് 5, തൻവീറുൽ ഇസ്‌ലാം മദ്റസ, ഇളയൂർ***

## മാതൃനിദ്ര

കൊടുങ്കാറ്റടിച്ചാലും
തുറക്കാത്ത കണ്ണുകൾ
തൊട്ടിലിലുറങ്ങുന്ന കുഞ്ഞിൻ
അനക്കങ്ങളാലുണർന്നീടും!

ഇടി വെട്ടിയാലും
വെടി പൊട്ടിയാലും
കേൾക്കാത്ത ചെവികൾ
കുഞ്ഞിൻ കരച്ചിൽ
കാതോർക്കും.

രാവുകൾ പകലാക്കി
കുഞ്ഞിനെ താരാട്ടി
ഉറക്കമൊഴിച്ചിരുന്നീടും.
എന്റെ കരളിനെയെന്നും
ആപത്തുകളിൽ നിന്ന്
കാക്കണേ എന്നിരയ്ക്കും.

***ആഇശ ശിബ കെ. പി, തഅ്ലീമുൽ ഖുർആൻ സുന്നിമദ്റസ, അഞ്ചപ്പുര***

മുഹമ്മദ് ആദിൽ തിനൂർ

# നെൽസൺ മണ്ടേല ആഫ്രിക്കൻ ഗാന്ധി



നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെപ്പോലൊരു നേതാവ് ദക്ഷിണാഫ്രിക്കയിലുണ്ടായിരുന്നു. അവർ സ്നേഹത്തോടെ മാഡിബ എന്നു വിളിക്കുന്ന നെൽസൺമണ്ടേല. മേസോ എന്ന ഒരു ഗ്രാമത്തിൽ 1918 ജൂലൈ പതിനെട്ടിനാണ് നെൽസൺ ജനിച്ചത്. തമ്പുവംശത്തിലെ രാജാവിന്റെ പ്രധാന കൗൺസിലറായിരുന്നു മാഡിബയുടെ പിതാവ് ഗാഡ്‌ല ഹെൻറി മ്ഫാകനൈെസ്വ. നെൽസൺ മണ്ടേലയുടെ പത്താം വയസ്സിൽ അച്ഛൻ മരണപ്പെട്ടു.

## കുട്ടിക്കാലവും പഠനവും

ഏഴു വയസ്സുള്ളപ്പോൾ മാഡിബയെ വീടിനടുത്തുള്ള മേസോമിഷൻ സ്കൂളിൽ ചേർത്തു. ഇവിടെയുള്ള ഒരധ്യാപകനാണ് അവന് നെൽസൺ എന്നു പേര് നൽകിയത്. ബല്യകാലത്തു തന്നെ നന്നായി പഠിക്കുന്നതോടൊപ്പം പശുക്കളെ മേക്കുന്നത്തിലും വീട്ടുജോലികൾ ചെയ്യുന്നതിലും നെൽസൺ വലിയ താൽപര്യം കാണിച്ചു. മേസോയിലെ പഠനകാലത്തായിരുന്നു പിതാവിന്റെ മരണം. തുടർന്ന് അമ്മയുടെ

നാടായ ഖുനുവിലേക്ക് താമസം മാറി. അവിടെവച്ച് സെക്കണ്ടറി, ഹയർ സെക്കണ്ടറി സ്കൂൾ പഠനം പൂർത്തീകരിച്ചു. പിന്നീട് ഉന്നതപഠനത്തിനായി ഫോർട്ട്ഹെയർ സർവ്വകലാശാലയിൽ ചേർന്നു. ഇംഗ്ലീഷ്, രാഷ്ട്രീയം എന്നീ വിഷയങ്ങളാണദ്ദേഹം തെരഞ്ഞെടുത്തത്. 1943 ൽ ലണ്ടൻ യൂണിവേസിറ്റിയിൽ നിന്നദ്ദേഹം നിയമത്തിൽ ബിരുദം കരസ്ഥമാക്കി.

## തടവറയിൽ നിന്ന് പ്രസിഡന്റിലേക്ക്

ദക്ഷിണാഫ്രിക്കയിൽ നിലനിന്നിരുന്ന വർണവിവേചനത്തിനെതിരെ പോരാടിയാണ് മണ്ടേല തന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. വെള്ളക്കാരായ ഭരണാധികാരികൾ കൊണ്ടുവന്ന വിവേചന നിയമങ്ങൾക്കെതിരെ അദ്ദേഹം പോരാടി. കറുത്തവരെ സാമൂഹികമായും രാഷ്ട്രീയമായും സാമ്പത്തികമായും അടിച്ചമർത്തുന്ന നിയമങ്ങളായിരുന്നു അവിടെയുണ്ടായിരുന്നത്. കോളേജിൽ നിലനിന്നിരുന്ന വിവേചനങ്ങൾക്കെതിരെ വിദ്യാർത്ഥിസമരങ്ങൾക്ക് നേതൃത്വം നൽകിയതിനെ തുടർന്ന് അദ്ദേഹത്തെ അവിടെ നിന്നു പുറത്താക്കി. ഇത് മണ്ടേലയുടെ രാഷ്ട്രീയബോധം കൂടുതൽ മൂർച്ചയുള്ളതാക്കി. 1944 ആഫ്രിക്കൻ നാഷണൽ








കോൺഗ്രസിൽ ചേർന്ന മണ്ടേല ഒരു യുവസംഘടന രൂപീകരിച്ചു.

ഇക്കാലയളവിൽ തന്നെയായിരുന്നു നെൽസണിന്റെ വിവാഹവും. എവലിൻ മെസോ ആയിരുന്നു ഭാര്യ. ഈ ബന്ധത്തിൽ രണ്ട് ആൺകുട്ടികളും ഒരു പെൺകുട്ടിയും ജനിച്ചു. 1948നു ശേഷം ഭരണകക്ഷിയായ നാഷണൽ പാർട്ടിയുടെ വർണ്ണവിവേചന നയങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപ്പിൽ പങ്കാളിയായി. 1957 ൽ ഒരു നിയമലംഘന ക്യാമ്പയിൻ നടത്തി. ഡിഫൻസ് ക്യാമ്പയിൻ എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. 1955 ൽ ഫ്രീഡംചാർട്ട് രൂപീകരിച്ചു. പിന്നീടിത് ദക്ഷിണാഫ്രിക്കയുടെ ജനാധിപത്യഭരണഘടനയുടെ അടിത്തറയായി മാറി.

ഇക്കാലത്ത് മണ്ടേലയും സുഹൃത്തും ചേർന്ന് കറുത്ത വർഗ്ഗക്കാർക്കു വേണ്ടി ഒരു നിയമപഠന സ്ഥാപനം തുറന്നു. രാജ്യദ്രോഹകുറ്റത്തിന് അറസ്റ്റ് ചെയ്യപ്പെട്ട അദ്ദേഹം അനേകം വർഷം ജയിൽ കഴിഞ്ഞു. അപ്പോഴേക്കും അദ്ദേഹത്തിന്റെ പ്രശസ്തി ലോകമാകെ പരന്നിരുന്നു.

ജയിൽ മോചിതനായതിനു ശേഷം എ.എൻ.സിയുടെ ഡെപ്യൂട്ടി പ്രസിഡന്റായും പിന്നീട് പ്രസിഡന്റായും നിയമിതനായി. 1994 ഏപ്രിലിൽ നടന്ന ആദ്യ ജനാധിപത്യ തിരഞ്ഞെടുപ്പിൽ വിജയിച്ച മണ്ടേല ദക്ഷിണാഫ്രിക്കയുടെ കറുത്ത വർഗ്ഗക്കാരനായ ആദ്യപ്രസിഡന്റായി ചുമതലയേറ്റു.

1993ൽ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം നൽകി ലോകം അദ്ദേഹത്തെ ആദരിച്ചു. 1990 ൽ ഇന്ത്യയുടെ ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതിയായ ഭാരതരത്നവും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 2013 ഡിസംബർ അഞ്ചിന് ജോഹന്നാസ്ബർഗിൽ വച്ച് അദ്ദേഹം വിടപറഞ്ഞു. ❖

സിംപിൾ ക്രാഫ്റ്റ്

# മുട്ടത്തോട് കൊണ്ടൊരു ചോക്ക്!

നാം തൊടിയിലും വേസ്റ്റ്ബിന്നിലും ഉപേക്ഷിക്കാറുള്ള മുട്ടത്തോട് കൊണ്ട് മനോഹരമായ ചോക്കുകൾ നിർമ്മിക്കാം! ചോക്കിലടങ്ങിയിട്ടുള്ള കാൽസ്യം തന്നെയാണ് മുട്ടത്തോടിലുമുള്ളതെന്ന് കൂട്ടുകാർക്കറിയാമോ?

**ആവശ്യമായ വസ്തുക്കൾ:**

10 മുട്ടത്തോടുകൾ, 2 ടീസ്പൂൺ ധാന്യപ്പൊടി

4 ടീസ്പൂൺ ചൂടുവെള്ളം, ഫുഡ് കളർ, ഒരു കഷ്ണം കടലാസ്

**തയ്യാറാക്കേണ്ട വിധം :**

1. മുട്ടത്തോട് ക്ലീൻ ചെയ്ത് ഒരിടത്ത് ഉണങ്ങാൻ വയ്ക്കുക.

2. പൂർണ്ണമായും ഉണങ്ങിയ ശേഷം മുട്ടത്തോട് മിക്സിയിലിട്ടോ കല്ലുരലിലിട്ടോ നന്നായി പൊടിക്കുക.





3. മുട്ടത്തോടിന്റെ പൊടി രണ്ട് ടീസ്പൂൺ ധാന്യപ്പൊടിയും ആവശ്യമായ അളവ് ചൂടുവെള്ളവും ചേർത്ത് പേസ്റ്റ് പരുവത്തിലാക്കുക.

4. ഈ പേസ്റ്റിലേക്ക് കളർ ചേർത്ത് നന്നായി കുഴക്കുക.

5. പേസ്റ്റ് കട്ടിയുള്ളൊരു പേപ്പറിൽ വച്ച് ചോക്ക് പരുവത്തിലാകുന്നതുവരെ ഉരുട്ടുക.

6. ശേഷം കുറച്ചുദിവസത്തേക്ക് ഉണങ്ങാൻ വയ്ക്കുക.

7. പൂർണ്ണമായും ഉണങ്ങിയ ചോക്കു കൊണ്ട് എഴുതാം, ചിത്രങ്ങൾ വരക്കാം.

8. ബ്ലാക്ക് ബോർഡുകൾക്കു പകരം കോൺക്രീറ്റ് നിലങ്ങളിലോ ടാർ ചെയ്ത റോഡുകളിലോ പാറപ്പുറത്തോ എഴുതുന്നതാണ് മുട്ടത്തോടിന്റെ ചോക്ക് കൂടുതൽ തെളിയാൻ ഉചിതം.

# അവസരങ്ങൾ പാഴാക്കരുത്

ഫാത്തിമ ജുമാന

ഗ്രാമത്തിലെ കർഷകന് സുന്ദരിയായ ഒരു മകളുണ്ടായിരുന്നു. ഒരിക്കൽ ഒരു യുവാവ് അവളെ തനിക്കു വിവാഹം ചെയ്തു തരണമെന്നാവശ്യപ്പെട്ട് കർഷകനെ സമീപിച്ചു. അപ്പോൾ കർഷകൻ പറഞ്ഞു: 'ഞാൻ ഒരു ശക്തി പരീക്ഷണം നടത്തും. അതിൽ വിജയിച്ചാൽ നിനക്ക് എന്റെ മകളെ വിവാഹം ചെയ്തുതരാം. നീ ആ വയലിൽ നിൽക്കൂ. ഞാനെന്റെ മൂന്ന് കാളകളെ അങ്ങോട്ട് അഴിച്ചുവിടാൻ പോവുകയാണ്. ഏതെങ്കിലും ഒരു കാളയെ വാൽ പിടിച്ചു നിർത്തിയാൽ നീ വിജയിക്കും.' കർഷകൻ പറഞ്ഞ ശക്തി പരീക്ഷണത്തിന് യുവാവ് സമ്മതിച്ചു.



യുവാവ് വയലിലിറങ്ങി നിന്നു. കളപ്പുരയുടെ വാതിൽ തുറന്ന് ആദ്യത്തെ കാള പുറത്തേക്കോടി വന്നു. അത്ര വലിയൊരു കാളയെ അവൻ ജീവിതത്തിലൊരിക്കലും കണ്ടിട്ടില്ലായിരുന്നു. അതിന്റെ വലുപ്പം കണ്ട് യുവാവ് ചിന്തിച്ചു. 'ഇനിയും രണ്ടെണ്ണമുണ്ടല്ലോ. അതിൽ നിന്നൊന്നിനെ പിടിക്കാം' വൈകാതെ കളപ്പുരയുടെ വാതിൽ തുറന്നു രണ്ടാമത്തെ കാളയും പുറ

ത്തെത്തി. ഒന്നാമത്തേതിനെക്കാൾ ഭീമാകാരനായിരുന്നു രണ്ടാമത്തെ കാള. അത് യുവാവിനെ നോക്കി മുരണ്ടു. പേടിച്ചു വിറച്ചു യുവാവ് അതിനെ പാട്ടിനു വിട്ടു. എന്തുവന്നാലും മൂന്നാമത്തെ കാളയെ വിടില്ലെന്ന് മനസ്സിലുറച്ച് കാത്തുനിന്നു.

### അന്ധനായ പക്ഷി!

കിവിപക്ഷികൾ പൂർണ്ണമായും അന്ധരാണ്! പകരം, അവിശ്വസനീയമായ ഘ്രാണശക്തിയാണ് അവയെ ഇരപിടിക്കാൻ സഹായിക്കുന്നത്.





കളപ്പുരയുടെ വാതിൽ തുറന്ന് പുറത്തെത്തിയ മൂന്നാമത്തെ കാളയെ കണ്ടപ്പോൾ യുവാവിന് ആശ്വാസമായി. മെലിഞ്ഞൊട്ടിയ ദുർബലനായ ഒരു ചെറിയ കാളയായിരുന്നു അത്. യുവാവ് കാളയുടെ നേർക്ക് പാഞ്ഞടുത്തു. എന്നാൽ, കഷ്ടമെന്നു പറയട്ടെ ആ കാളക്ക് വാലുണ്ടായിരുന്നില്ല. അങ്ങനെ കർഷകൻ പറഞ്ഞ ശക്തിപരീക്ഷണത്തിനുള്ള അവസരം അയാൾക്കു നഷ്ടപ്പെട്ടു. ‘ആദ്യത്തെ കാളയെ തന്നെ പിടിച്ചാൽ മതിയായിരുന്നു’ എന്നു മനസ്സിൽ പറഞ്ഞ് യുവാവ് നിരാശയോടെ മടങ്ങി.

## വഴി കാണിക്കാമോ?

പറന്നു തളർന്ന
മിന്നുത്തുമ്പിക്ക്
ചെടിയിലെത്തണം.
വഴി കണ്ടെത്താൻ
കൂട്ടുകാർ
സഹായിക്കാമോ?



## കൂട്ടിയെഴുതാം

കാറുകളുടെ എണ്ണം
വൃത്തത്തിൽ എഴുതൂ.
കൂട്ടത്തിൽ ഒറ്റയാനെ
കണ്ടെത്തി വൃത്തത്തി
ലാക്കുകയും വേണം.



## വരക്കാൻ പഠിക്കാം



1 2 3 4

## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഒരുപോലെ തോന്നുന്ന ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## നിറം നൽകാം

ചിത്രത്തിന് അനുയോജ്യമായ നിറം നൽകി ഭംഗിയാക്കിക്കോളൂ.



Current Affairs

## ആകാശദുരന്തം

അഹമ്മദാബാദ് വിമാനത്താവളത്തിനടുത്ത് യാത്രാവിമാനം തകർന്നുവീണുണ്ടായ ദുരന്തത്തിൽ ഇരുനൂറിലധികം പേർ മരണപ്പെട്ടു. അഹമ്മദാബാദിൽ നിന്ന് ലണ്ടനിലേക്ക് പുറപ്പെട്ട എയർഇന്ത്യയുടെ ബോയിങ് 787 - 8 വിമാനമാണ് തകർന്നുവീണത്. ഗുജറാത്ത് മുൻമുഖ്യമന്ത്രിയും ബി.ജെ.പി നേതാവുമായ വിജയ് രൂപാണിയും മരണപ്പെട്ടവരിൽ പെടുന്നു.

## കടൽ ചുറ്റി രൂപയും ദിൽനയും

ഇന്ത്യൻ നാവികസേനയിലെ ലെഫ്റ്റനന്റ് കമാൻഡർമാരായ കോഴിക്കോട് സ്വദേശി രൂപയും പുതുച്ചേരി സ്വദേശി ദിൽനയും കടൽ പരിക്രമണം പൂർത്തിയാക്കി ഇന്ത്യയിലെത്തി.



239 ദിവസംകൊണ്ട് 47,560 കിലോമീറ്ററാണ് ഇവർ താണ്ടിയത്. സാഗര പരിക്രമണം പൂർത്തിയാക്കുന്ന ആദ്യ ഇന്ത്യൻ വനിതാജോഡിയാണിവർ. 2024 ഒക്ടോബർ രണ്ടിന് ഗോവയിൽ നിന്നാണിവർ പ്രയാണമാരംഭിച്ചത്.

## ഓപ്പറേഷൻ സിന്ദൂർ

പഹൽഗാം ഭീകരാക്രമണത്തിനു മറുപടിയായി മേയ് ഏഴിന് പാക്കിസ്ഥാനിലെ വിവിധ ഭീകരകേന്ദ്രങ്ങളിൽ ഇന്ത്യ പ്രത്യാക്രമണം നടത്തി. 'ഓപ്പറേഷൻ സിന്ദൂർ' എന്ന ദൗത്യത്തിനു പിന്നാലെ പാക്കിസ്ഥാൻ സേന അതിർത്തിയിൽ ആക്രമണം നടത്തിയതോടെ പാക്ക് വ്യോമതാവളങ്ങളിൽ ഇന്ത്യ മിസൈലാക്രമണം നടത്തി. പാക്കിസ്ഥാൻ മുൻകൈയെടുത്തു നടത്തിയ ചർച്ചയെത്തുടർന്ന് മേയ് പത്തിന് ഇരുരാജ്യങ്ങളും വെടിനിർത്തൽ പ്രഖ്യാപിച്ചു.

## ബാനുവിന് ബുക്കർ പ്രൈസ്

ഈ വർഷത്തെ ഇന്റർനാഷനൽ ബുക്കർ പ്രൈസ് കന്നഡ എഴുത്തുകാരി ബാനു മുഷ്താഖിന്റെ 'ഹാർട്ട് ലാംപ്' എന്ന ചെറുകഥാസമാഹാരത്തിനു ലഭിച്ചു. ദീപ ഭസ്തിയാണ് പുസ്തകം ഇംഗ്ലിഷിലേക്ക് പരിഭാഷപ്പെടുത്തിയത്. ഇന്റർനാഷനൽ ബുക്കർ പ്രൈസ് നേടുന്ന രണ്ടാമത്തെ ഇന്ത്യൻ എഴുത്തുകാരിയാണ് ബാനു മുഷ്താഖ്.

هَيَّا نَقْرَأ قِصَّةَ فَاتِن بِاللُّغَةِ العَرَبِيَّة

# فَاتِنُ لَمْ تَعُدْ حَزِينَة ٥

كَانُوا يَحْمِلُونَهَا كَمَا الْأَمِيرَة ذَهَابًا وَإِيَابًا مِنَ الْمَدْرَسَةِ. وَهِيَ كَانَتْ سَعِيدَةً جِدًّا وَلَمْ تَعُدْ الإِبْتِسَامَةُ تُفَارِقُ ثَغْرَهَا غَيْرَ أَنَّ الْأَطْفَالَ كَانُوا يَعْرِفُونَ أَنَّهُ سَيَتَعَذَّرُ عَلَيْهِم الإِسْتِمْرَارَ فِي الْقِيَامِ بِهَذِهِ الْمُهِمَّةِ الشَّاقَّةِ. فَقَرَّرُوا إِيجَادَ إِنْتِقَالٍ أُخْرَى لِزَمِيلَتِهِم. تَكَلَّمُوا بِالْمَوْضُوعِ مَعَ أَسَاتِذَتِهِم وَمَعَ أَهْلِهِم فِي الْمَنْزِلِ أَيْضًا. فَقَرَّرُوا جَمِيعًا الْقِيَامَ بِحَمْلَةٍ فِي الْقَرْيَةِ لِمُسَاعَدَةِ فَاتِن.

قَصَدَ تَامِرُ وَالِدَهُ الَّذِي وَهُوَ يَعْمَلُ وَأَخْبَرَهُ مَا يُحَاوِلُ وَرِفَاقُهُ الْقِيَامَ بِهِ مِنْ أَجْلِ مُسَاعَدَةِ فَاتِن عَلَى الذَّهَابِ وَحْدَهَا إِلَى الْمَدْرَسَةِ. شَعَرَ الْوَالِدُ بِفَخْرٍ كَبِيرٍ بِإِبْنِهِ وَوَعَدَهُ بِالْمُسَاعَدَةِ.

وَسَرِيعًا مَّا اهْتَمَّتِ الْقَرْيَةُ بِكَامِلِهَا بِهَذَا الْمَوْضُوعِ. فَأَرْسَلَ مُمَثِّلَانِ مِنْ



لَجْنَةِ الْأَهْلِ فِي الْمَدْرَسَةِ إِلَى مَنْزِلِ فَاتِن وَكَلَّمَا وَالِدَيْهَا وَشَرَحَا لَهُمَا كُلَّ مَا يَحْصُلُ مِنْ أَجْلِ مُسَاعَدَةِ فَاتِن.

فِي هَذِهِ الْأَثْنَاء ، كَانَ أَعْضَاءُ الْأَطْفَالِ قَدْ أَنْهوا إِصْلَاحَ الطَّرِيقِ الْمُؤَدِّيَةِ إِلَى مَنْزِلِ فَاتِن.

مِنْهُم مَن تَوَلَّى رَدْمَ الْحُفَرِ بِتُرَابٍ نَقَلُوهُ فِي سَلَالٍ مِنْ أَرْضٍ بورٍ مُجَاوِرَةٍ وَمِنْهُمْ مَنْ قَامَ بِإِزَالَةِ الْأَحْجَارِ الْكَبِيرَةِ الَّتِي كَانَتْ تَقْطَعُ الطَّرِيقَ.

هَيَّا نَحْفَظ وَ نَكْتُب الْمَعْنَى لِلأَلْفَاظِ الْآتِيَة

أَلإِبْتِسَامَةُ ، حَمْلَةٌ ، فَخْرٌ ، مُمَثِّلٌ ، تُرَابٌ

# English *Corner*

**Story Line**

## THE MONKEY AND THE DOLPHIN

One day long ago, some sailors set out to sea in their sailing ship. One of them brought his pet monkey along for the long journey. When they were far out at sea, a terrible storm over-turned their ship. Everyone fell into the sea, and the monkey was sure that he would drown. Suddenly a dolphin appeared and picked him up. They soon reached the island and the monkey came down from the dolphin's back.

The dolphin asked the monkey, "Do you know this place?" The monkey replied, "Yes, I do. In fact, the king of the island is my best friend. Do you know that I am actually a prince?"

Knowing that no one lived on the island, the dolphin said, "Well, well, so you are a prince! Now you can be a king!"

The monkey asked, "How can I be a king?"

As the dolphin started swimming away, he an-swered, "That is easy. As you are the only creature on this island, you will naturally be the king!"



# കുരങ്ങനും ഡോൾഫിനും

പണ്ടുപണ്ട് കുറച്ചു നാവികർ കടലിലൂടെ ഒരു കപ്പൽയാത്രയിലായിരുന്നു. അവരിലൊരാൾ തന്റെ വളർത്തുകുരങ്ങിനെയും കൂടെ കൂട്ടിയിരുന്നു. അവർ തീരത്തുനിന്ന് വളരെ അകലെയെത്തിയപ്പോൾ ഭയാനകമായ ഒരു കൊടുങ്കാറ്റിൽപ്പെട്ട് അവരുടെ കപ്പൽ മറിഞ്ഞു. എല്ലാവരും കടലിൽ വീണു. താനിപ്പോൾ മുങ്ങിമരിക്കുമെന്നുറപ്പിച്ചിരിക്കുകയായിരുന്നു കുരങ്ങൻ. അപ്പോഴാണ് ഒരു ഡോൾഫിൻ അവിടെയെത്തിയത്. ഡോൾഫിൻ കുരങ്ങനെ തന്റെ പുറത്തിരുത്തി കരയിലേക്ക് കുതിച്ചു. താമസിയാതെ അവർ ഒരു ദ്വീപിലെത്തിച്ചേർന്നു. കരയിലിറങ്ങിയ കുരങ്ങനോട് ഡോൾഫിൻ ചോദിച്ചു: 'ഈ സ്ഥലം ഏതാണെന്ന് നിനക്കറിയാമോ?' പൊങ്ങച്ചക്കാരനായ കുരങ്ങൻ മറുപടി പറഞ്ഞു: 'ഓ! അറിയാമല്ലോ. വാസ്തവത്തിൽ ഈ ദ്വീപിലെ രാജാവ് എന്റെ ഉറ്റ സുഹൃത്താണ്. ഞാനൊരു രാജകുമാരനാണെന്ന കാര്യം നിങ്ങൾക്കറിയാമോ?' ദ്വീപിൽ മറ്റാരും താമസിക്കുന്നില്ലെന്നറിഞ്ഞ ഡോൾഫിൻ പറഞ്ഞു: 'ശരി... ശരി... രാജകുമാരനായ നീ ഇനി മുതൽ രാജാവാണ്!' കുരങ്ങൻ ചോദിച്ചു: 'ഞാനെങ്ങനെയാണ് രാജാവാകുക?' മടങ്ങുമ്പോൾ ഡോൾഫിൻ പറഞ്ഞു: 'ഹ.. ഹ.. ഹ! ഈ ദ്വീപിലെ ഒരേയൊരു ജീവി നീയായതിനാൽ സ്വാഭാവികമായും നീ തന്നെയല്ലേ രാജാവാകുക!'



# Tenses

## 6. Past Continuous Tense

The past continuous tense is employed in a sentence to represent an action or event that was going on in the past. In other words, it shows the progress of the action or event at a specific time in the past. The past continuous tense is, therefore, also called the 'past progressive tense'

### Structure

**Subject + was/were + present participle (verb+ing) + the rest of the sentence**

- **Positive**
  - I was listening to the news.
  - He was driving a car.
- **Negative**
  - I was not listening to the news.
  - He was not driving a car.
- **Interrogative**
  - Was I listening to the news?
  - Was he driving a car?
- **Negative Interrogative**
  - Wasn't I listening to the news? / Was I not listening to the news?
  - Wasn't he driving a car? / Was he not driving a car?

## Uses of Past Continuous Tense

**1. Express an action that was interrupted**

- They were sleeping peacefully until the alarm rang.
- My parents arrived while I was shopping.

**2. Express an action that was on-going at a specified time**

- I was working as a cashier in October.
- By the age of nine, I was training to be a football player.

**3. Express an action that was habitual**

- As a baby, my brother was always making a mess.
- She was hardly trying to make a good impression in that interview.

**4. Emphasize the duration of a past action**

- The players were training all year for this match.
- I was trying to complete the final level for hours.

### Age of 'Mona Lisa'



Leonardo da Vinci was a genius in many areas, but did you know he was also known for procrastinating? He often got side-tracked by his many inventions and scientific studies. For example, his famous painting 'Mona Lisa' took 16 years to finish. He completed it only because he carried the canvas with him wherever he went.


Master Imitable
A beautiful morning,
Adil, where are you going with your bicycle?
Didn't you know that there is a camp tomorrow at the madrasa.
What camp?
It's a student camp against drugs.
There is also a bicycle rally ahead of it.
Then I will also bring my bicycle.
After a while
Okay, let's go now.
Many prominent people are coming to speak in the camp.
So our program will be colourful tomorrow, am I right?


We need to make some placards, to display on the bicycle.
Okay. I'll get some paper and markers.
Drugs are the key of evil!
Drugs will take our lives!
Let's fight against Drugs!
Say no to drugs
Knowledge is our passion
Make a drug-free village
Say no to drugs
Knowledge is our passion
Make a drug free village

# WORD PUZZLE

Read the story
'THE MONKEY AND THE DOLPHIN'
find the underlined words and try
to find out its meaning.

| | | | | | | |
|---|---|---|---|---|---|---|
| M | O | N | K | E | Y | I |
| P | R | I | N | C | E | S |
| W | E | L | L | A | N | L |
| K | S | V | S | O | R | A |
| I | H | Y | E | I | U | N |
| N | I | H | P | L | O | D |
| G | P | S | E | A | J | U |

# Name me



J



J



J

ANS: Jackal, Jackfruit, Juice

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 4 | | | 9 | 6 | | 2 | 7 |
| 2 | | 9 | | | 5 | | | |
| | | 5 | | | 7 | | | 9 |
| 8 | 6 | | | 2 | | | 1 | |
| | 2 | | 7 | 5 | | | 3 | |
| 5 | | | | 1 | 3 | 8 | 4 | |
| | | | 3 | | | 4 | 7 | 8 |
| 7 | | 4 | | | | | | |
| 9 | | | 4 | | | 2 | | 3 |

## Sudoku

ANSWER
**JUNE ISSUE**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 7 | 3 | 2 | 4 | 8 | 7 | 5 | 6 |
| 5 | 2 | 8 | 9 | 6 | 7 | 4 | 3 | 1 |
| 7 | 4 | 6 | 5 | 3 | 1 | 2 | 8 | 9 |
| 3 | 1 | 5 | 4 | 2 | 9 | 6 | 7 | 8 |
| 2 | 7 | 9 | 8 | 1 | 6 | 5 | 4 | 3 |
| 6 | 8 | 4 | 3 | 7 | 5 | 1 | 9 | 2 |
| 8 | 5 | 7 | 6 | 9 | 2 | 9 | 1 | 4 |
| 9 | 6 | 1 | 7 | 8 | 4 | 3 | 2 | 5 |
| 4 | 9 | 2 | 1 | 5 | 3 | 8 | 6 | 7 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**